
AKPCTA

# kerala private college teacher

*march 1986* *no:63*

കുതികൊൾക ശക്തിയിലേക്കു നമ്മൾ:

കൺവൻഷനോടനുബന്ധിച്ച് നടന്ന
വമ്പിച്ച പ്രകടനം





കൺവൻഷൻ പ്രതിനിധികൾ

## നന്ദി

എ കെ പി സി ടി എ 13-ാം കൺവൻഷന്റെ വിജയത്തിനായി സഹായ സഹകരണങ്ങൾ തന്ന എല്ലാവർക്കും സ്വാഗതസംഘത്തിന്റെ ഹൃദയംഗമമായ നന്ദി.

പ്രൊഫ. പി. നരേന്ദ്രൻ
ജനറൽ കൺവീനർ


# Kerala Private College Teacher

A K P C T A Journal

**March 1986** **No 63** **Re.1** **Annual Subscription Rs. 10**



*Editorial Board*

*Chairman:* **T. Gopalakrishnan** *Chief Editor:* **V. N. Murali**

*Members:* V. Narayanan kutty, T. K. G. Nair, R. Raveendran Nair, Nanniyodu Ramachandran, N N. Anandan, K. N. Ganesh, Thankan P. Tholicodu, N. P. Hafeez Muhammed.

*Address: Chief Editor, Vasantham, Chempakassery Nagar, Kesavadasapuram, Trivandrum - 695 004.*

# എ. കെ. പി. സി. ടി. എ.

# കൂടുതൽ കരുത്തോടെ മുന്നോട്ട്

മാർച്ച് 6, 7, 8 തീയതികളിൽ തിരുവനന്തപുരത്തു നടന്ന എ. കെ. പി. സി. ടി. എയുടെ 13-ാം ത്രൈവാർഷിക കൺവൻഷൻ പല രീതിയിലും സവിശേഷത അർഹിക്കുന്നു. കൺവെൻഷൻ ആദ്യന്തം വർണ്ണോജ്ജ്വലമായിരുന്നു. കൺവൻഷനോടനുബന്ധിച്ച് മാർച്ച് 8ന് നടന്ന പ്രകടനം മുൻകാലകൺവൻഷനുകളിലെ പ്രകടനങ്ങളെക്കാൾ എത്രയോ വലുതായിരുന്നു. നഗരത്തിന്റെ ശ്രദ്ധ പ്രത്യേകം പിടിച്ചെടുത്തതായിരുന്നു ആ പ്രകടനം. പ്രൈവററ് കോളേജ് അദ്ധ്യാപകരുടെ അജയ്യമായ സംഘടിതശക്തിയെ വിളിച്ചോതിയ പ്രകടനം തിരുവനന്തപുരം നഗരം അടുത്തകാലത്ത് കണ്ടതിൽ ഏററവും വർണ്ണപ്പൊലിമയാർന്നതായിരുന്നു. അദ്ധ്യാപികമാരുൾപ്പെടെ ആയിരക്കണക്കിന് പ്രതിനിധികൾ സംഘടനയുടെ ശുഭ്രപതാകയുമേന്തി നടത്തിയ പ്രകടനത്തിന് അഭിവാദ്യങ്ങൾ അർപ്പിക്കുവാൻ മുമ്പെന്നത്തേക്കാൾ കൂടുതൽ സഹോദരസംഘടനകൾ തയ്യാറായി വന്നു എന്നതും ശ്രദ്ധേയമാണ്.

കൺവെൻഷനോടനുബന്ധിച്ചു നടന്ന വിദ്യാഭ്യാസ സമ്മേളനവും വളരെയധികം പ്രാധാന്യം അർഹിക്കുന്ന ഒന്നായിരുന്നു. കേന്ദ്ര സർക്കാരിന്റെ പുത്തൻ വിദ്യാഭ്യാസനയത്തെപ്പററി, കേരളത്തിൽ സർക്കാർ — യൂണിവേഴ്സിററി മേൽനോട്ടത്തിൽ മുമ്പു നടത്തിയ എല്ലാ സെമിനാറുകളെക്കാളും വളരെയധികം പ്രയോജനപ്രദമായിരുന്നു 7-ാം തീയതി നമ്മൾ നടത്തിയ വിദ്യാഭ്യാസ സമ്മേളനം. പുത്തൻ വിദ്യാഭ്യാസനയത്തിന്റെ വിവിധ വശങ്ങളെപ്പററി അഖിലേന്ത്യാതലത്തിൽ ലബ്ധ പ്രതിഷ്ഠ നേടിയ വിദ്യാഭ്യാസചിന്തകൻമാർ, പങ്കെടുത്ത് നടത്തിയ ചർച്ച സമഗ്രമായിരുന്നു.

എല്ലാ ജില്ലകളിലെ എല്ലാ ബ്രാഞ്ചുകളിൽ നിന്നുമായി 300-ൽ പരം പ്രതിനിധികൾ വിദ്യാഭ്യാസ സമ്മേളനത്തിൽ പങ്കെടുത്തു.

കലാസാംസ്ക്കാരിക പരിപാടികൾ ഇത്തവണത്തെ കൺവെൻഷന്റെ മററൊരു പുതുമയായിരുന്നു. കേരളത്തിലെ പ്രമുഖരായ പല കവികളും പങ്കെടുത്ത കവിയരങ്ങും, തുടർന്നു നടന്ന കലാപരിപാടികളും ഉന്നതനിലവാരം പുലർത്തി. പ്രൈവററ് കോളേജദ്ധ്യാപകരുടെ കലാപരവും സാഹിത്യപരവുമായ അഭിരുചികളെ പ്രോൽസാഹിപ്പിക്കാൻ സംഘടന അതിന്റേതായ ഒരു കലാസാംസ്ക്കാരികവേദി രൂപീകരിക്കാൻ തീരുമാനമെടുത്തതും ഈ കൺവൻഷനിൽവച്ചാണ്.

1983-ലെ കൊല്ലം കൺവൻഷൻ നടക്കുമ്പോഴുണ്ടായിരുന്നതിനെക്കാൾ വ്യത്യസ്ഥ സാഹചര്യമാണല്ലോ ഇപ്പോൾ നിലനിൽക്കുന്നത്. അദ്ധ്യാപകരും, മററു ജീവനക്കാരും നിരന്തര സമരങ്ങളിലൂടെ നേടിയെടുത്ത സേവന ഭദ്രതയുടെ മേൽ സർക്കാർ കടന്നാക്രമണം നടത്താൻ ശ്രമിക്കുന്നു. വിദ്യാഭ്യാസരംഗത്ത് വർഷങ്ങൾ കൊണ്ട് നേടിയ പുരോഗതികളെയൊക്കെ ചങ്ങലക്കിട്ട് പുറകോട്ടു വലിക്കുന്ന ഒരു നയമാണ് സർക്കാർ ഇന്ന് പിന്തുടരുന്നത്. പ്രീ ഡിഗ്രി ബോർഡ്, ഓപ്പൺ യൂണിവേഴ്സിററി തുടങ്ങിയ പരിഷ്ക്കാരങ്ങളൊക്കെ കോളേജ് അദ്ധ്യാപകരുടെ നിലനില്പിനെ തന്നെ ബാധിക്കുന്ന പ്രശ്നങ്ങളാണ്. വിദ്യാഭ്യാസരംഗത്തെ ജനാധിപത്യ സംവിധാനമാകെ തകർത്ത്, ഭരണാധികാരികളുടെയും ബ്യൂറോക്രസിയുടെയും നിക്ഷിപ്തതാൽപര്യങ്ങൾ സംരക്ഷിക്കുക എന്ന ലക്ഷ്യമാണ് ഈ പരിഷ്ക്കാരങ്ങളുടെ പിന്നിൽ.

സർക്കാരിന്റെ ഈ പിന്തിരിപ്പൻ വിദ്യാഭ്യാസ നയങ്ങളെ എതിർത്ത് തോൽപ്പിക്കാനുള്ള ബഹു

### വിദ്യാഭ്യാസ സെമിനാർ

### കലാസാംസ്കാരിക പരിപാടികൾ

### വമ്പിച്ച ശക്തിപ്രകടനം

# 13-ാം കൺവൻഷൻ

- ഒരു റിപ്പോർട്ട്



പ്രസിഡൻറ് പ്രൊഫ. ടി. ഗോപാലകൃഷ്ണൻ പതാക ഉയർത്തുന്നു.

മാർച്ച് 6ന് വ്യാഴാഴ്ച അംബുജ വിലാസം റോഡിലുള്ള സ്വാഗതസംഘം ഓഫീസിൽ വെച്ചുകൂടിയ പ്രവർത്തകസമിതി യോഗം, കൺവെൻഷൻെറ പരിഗണനയ്ക്കായി സമർപ്പിക്കാൻ, പുതിയ സാഹചര്യങ്ങൾ കണക്കിലെടുത്ത് 8 പുതിയ മുദ്രാവാക്യങ്ങളും 76 അവകാശങ്ങളും അടങ്ങുന്ന അവകാശ പ്രഖ്യാപനരേഖയുടെ കരട് ചർച്ച ചെയ്തംഗീകരിച്ചു; മുൻകാലങ്ങളിൽ നിന്നു വ്യത്യസ്തമായി, ഭാവി പ്രവർത്തനത്തിനായി 14 മാർഗനിർദേശങ്ങളും.

---

ജനാഭിപ്രായം രൂപീകരിക്കുന്നതിൽ നേതൃത്വസ്ഥാനം വഹിക്കേണ്ട അദ്ധ്യാപകസംഘടനകളെ ദുർബലപ്പെടുത്തുക എന്ന തന്ത്രവും, സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കികൊണ്ടിരിക്കുകയാണ്.

മററ് മിക്കരംഗങ്ങളിലും എന്ന പോലെ ഉന്നതവിദ്യാഭ്യാസ രംഗത്തും സംഘടനകളുടെ ബാഹുല്യം വിദ്യാഭ്യാസ താൽപര്യങ്ങളെ അപകടപ്പെടുത്തുന്നുണ്ട്. നിക്ഷിപ്ത താൽപര്യക്കാരും സ്വാർത്ഥമോഹികളുമായ അദ്ധ്യാപകനേതാക്കളാണ് മിക്കപ്പോഴും സംഘടനകളെ പിളർക്കുന്നതിൻെറ ചുക്കാൻ പിടിക്കുന്നത്. ഈ സംഘടനാബാഹുല്യം വിദ്യാഭ്യാസ പ്രശ്നങ്ങൾ അദ്ധ്യാപകരുമായി ചർച്ചചെയ്ത് തീരുമാനമെടുക്കുന്നതിന് സർക്കാരിനു

7-ാനു വെള്ളിയാഴ്ച രാവിലെ പ്രസിഡണ്ട് പ്രൊഫ. ടി. ഗോപാലകൃഷ്ണൻ, മുണ്ടശേരി നഗറിൽ (കേരള സർവകലാശാലാ സ്ററുഡൻറ്സ് സെൻറർ) പതാക ഉയർത്തിയതോടെ സമ്മേളനത്തിന് ഔപചാരികമായ തുടക്കം കുറിച്ചു. പിന്നീട് സംസ്ഥാന കമ്മിററിയോഗം ചേർന്ന് നയപ്രഖ്യാപന-അവകാശരേഖയും മാർഗ നിർദേശവും ചർച്ചചെയ്ത് നിർദ്ദിഷ്ടഭേദഗതികളോടെ 10 മുദ്രാവാക്യങ്ങളും 80 അവകാശങ്ങളുമടങ്ങുന്ന പത്രിക അംഗീകരിച്ചു.

ഉച്ചഭക്ഷണത്തിനുശേഷം ചേർന്ന വിദ്യാഭ്യാസ സമ്മേളനത്തിൽ കേരള സർവകലാശാലാ വൈസ് ചാൻസലർ ശ്രീ. പി. എസ്. ഹബീബ് മുഹമ്മദ് അദ്ധ്യക്ഷനായിരുന്നു.

## പ്രൊഫ. വി. നാരായണൻ കുട്ടി

1972-ൽ സ്വകാര്യ ഏജൻസികളുടെമേൽ സാമൂഹിക നിയന്ത്രണം ഏർപ്പെടുത്തുന്നതിന് സർക്കാരിൻെറ പിന്നിൽ ഉറച്ചുനിന്ന എ. കെ. പി. സി. ടി. എ യ്ക്ക്, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇന്നു നടപ്പാക്കാനുദ്ദേശിക്കുന്ന ജനാധിപത്യത്തിനു നിരക്കാത്തതും ഏകപക്ഷീയവുമായ വിദ്യാഭ്യാസ നയത്തോട് യോജിക്കാനാ

## പ്രൊഫ. എൻ. എൻ. ആനന്ദൻ

വില്ല. സമൂഹത്തിലെ ന്യൂന പക്ഷം മാത്രമായ സമ്പന്നവിഭാഗത്തിന്നു മാത്രമായിവിദ്യാഭ്യാസം പരിമിതപ്പെടുത്താനാണ് സർക്കാർ നീക്കം. സർവകലാശാലകളുടെയും കോളേജുകളുടെയും ഭരണത്തിലെ ജനാധിപത്യ സ്വഭാവം, പഠന ഗവേഷണങ്ങൾക്കനുയോജ്യമായ ശാന്തവും സ്വച്ഛവുമായ അന്തരീക്ഷം, സംതൃപ്തമായ അദ്ധ്യാപക സമൂഹം, ഭരണഘടനയിലെ 45-ാം വകുപ്പ് അനുശാസിക്കുന്ന തരത്തിലുള്ള സാർവത്രികമായ പ്രാഥമിക വിദ്യാഭ്യാസം എന്നിങ്ങനെ ജനാധിപത്യാവകാശങ്ങളെ പിന്തുണയ്ക്കുന്നൊരു സംഘടനയ്ക്ക്, വിദ്യാഭ്യാസ നിലവാരം കുറയ്ക്കാനും അദ്ധ്യാപകരിൽ അധികംപേർക്കും ജോലി നഷ്ടപ്പെടാനും മററും കാരണമാകുന്നതുമായ പ്രീഡിഗ്രി ബോർഡിൻെറ കീഴിലുള്ള വിദ്യാഭ്യാസ പദ്ധതിയോടും, ഭൂരിപക്ഷം വിദ്യാർഥികൾക്ക് കോളേജുകളിൽ പ്രവേശനം നിഷേധിയ്ക്കുന്നതും വികലമായ സങ്കല്പത്തിലുള്ളതുമായ തുറന്ന സർവകലാശാല, വിദ്യാഭ്യാസരംഗത്ത് ഇന്നു നടമാടുന്ന അഴിമതി വർദ്ധിപ്പിക്കാൻ മാത്രമുതകുന്നതും, തമിഴ്നാടുപോലുള്ള സംസ്ഥാനങ്ങളിൽ പരീക്ഷിച്ചു പരാജയമടഞ്ഞതുമായ സ്വയം ഭരണ കോളേജ് എന്നീ സ്വകാര്യവൽകരണ-പശ്ചാത്ഗമന പ്രവണവുമായ പദ്ധതികളോടും യോജിക്കാനാവില്ല. മാത്രമല്ല, ഇവ നടപ്പാക്കാൻ പോകുന്നതോ, ബന്ധപ്പെട്ടവരോട് വേണ്ടവിധം ചർച്ചയൊന്നും ചെ

പോലും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. അദ്ധ്യാപകരുടെ പൊതുതാൽപര്യങ്ങൾ സംഘടനകൾവഴി ഉയർത്തിപിടിക്കാൻ കഴിയാതെയും വരുന്നു. ഇതിനു പരിഹാരമായി എ. കെ. പി.സി.ടി. എ നിർദ്ദേശിക്കുന്നത് അദ്ധ്യാപകരുടെയിടയിൽ റഫറണ്ടം നടത്തണമെന്നും 25 ശതമാനമെങ്കിലും അംഗങ്ങളുടെ പിന്തുണയുള്ള സംഘടനക്കേ അംഗീകാരം കൊടുക്കാവൂ എന്നുമാണ്.

ഈ കൺവൻഷൻെറ അഭൂതപൂർവമായ വിജയം നമ്മേ സന്തോഷിപ്പിക്കുന്നു. സ്വാർത്ഥമോഹികളുടെ പിളർപ്പൻ പദ്ധതികളൊന്നും നമ്മുടെ സംഘടനയെ അല്പംപോലും ബാധിച്ചിട്ടില്ലെന്നു മാത്രമല്ല, മുമ്പെന്നെത്തക്കാളും പ്രൈവററ് കോളേജ് അധ്യാപകരുടെ ഐക്യം ശക്തിപ്പെടുകയാണ് ചെയ്തിട്ടുള്ളത്. കൺവൻഷൻെറ വിജയത്തിൽ നിന്നും നമ്മൾ മനസിലാക്കുന്നത് ഈ യാഥാർത്ഥ്യമാണ്. ○

### സെമിനാർ പേപ്പറുകൾ

കൺവൻഷനോടനുബന്ധിച്ചു നടന്ന വിദ്യാഭ്യാസ സെമിനാറിൽ ഡോ. വി. ബി. ആത്രേയ, ശ്രീ. പി. ഗോവിന്ദപ്പിള്ള, പ്രൊഫ. ആർ. ആർ. സി. എന്നിവർ അവതരിപ്പിച്ച പ്രബന്ധങ്ങൾ ഈ ലക്കം ജേർണലിൽ ചേർത്തിട്ടുണ്ട്.

ചീഫ് എഡിററർ

യ്യാതെ ഏകപക്ഷീയമായും! സ്വാഗതമാശംസിച്ച
ജനറൽ സെക്രട്ടറി. പ്രൊഫ. വി. നാരായണൻ
കുട്ടി അദ്ധ്യാപക സംഘടനകൾ ഇന്നു നേരി
ടുന്ന കാതലായ പ്രശ്നങ്ങളിലേക്ക് ഇങ്ങിനെ
വെളിച്ചംവീശി.

## പി. എസ്. ഹബീബ് മുഹമ്മദ്

വലിയ വിവാദം സൃഷ്ടിച്ചുകൊണ്ട് വൈസ്
ചാൻസിലറായി അധികാരമേററ താൻ, ജർമൻ
തത്വചിന്തകനായ നീഷേ പറഞ്ഞതുപോലെ,
'താനെന്തായിത്തീരണമോ, അതായിത്തീരാൻ'
ശ്രമിച്ചിട്ട്, അദ്ധ്യാപകരും വിദ്യാർത്ഥികള
മായി പൊരുത്തപ്പെടുന്നതിൽ വിജയിച്ചിട്ടുണ്ട്.
പുതിയ വിദ്യാഭ്യാസനയം രാജ്യമൊട്ടാകെ ചർച്ചാ
വിഷയമായിരിക്കുന്നു. അതിനെതിരായി ആ


കൊടുത്തിരിക്കുന്നത്. ചരിത്രം മുതലായ
മാനവിക വിഷയങ്ങൾ പാഠ്യപദ്ധതിയിൽ
ഉണ്ടായിരുന്നാലേ വിദ്യാഭ്യാസം സമ്പൂർണ്ണമാകൂ.
കാലപ്രവാഹത്തിൽ ആശയങ്ങൾക്കുമാററം വരിക
സ്വാഭാവികംതന്നെ. കാർഡിനൽ ന്യൂമാൻെറസങ്ക
ല്പത്തിൽ, സർവകലാശാലയിൽ നടക്കേണ്ടത്
വിജ്ഞാനത്തിൻെറ ഉത്പാദനവും ഒരു
പദ്ധതിയനുസരിച്ചുള്ള വിതരണവുമാണ്,
വിദ്യാഭ്യാസം സാമ്പത്തിക ഘടനയുമായി ബ
ന്ധപ്പെട്ടതായതുകൊണ്ടാണ് ഫ്രാൻസിൽ പ്രാ
ഥമിക വിദ്യാഭ്യാസം സാർവത്രികമാക്കിയത്.
സമ്പദ്‌വ്യവസ്ഥ സങ്കീർണ്ണമാകുന്നതോടെ
വിദ്യാഭ്യാസവും സങ്കീർണ്ണമാകും. പുതിയ
വിദ്യാഭ്യാസനയം വിദ്യാർത്ഥികൾക്കും അ



ഐഫക്ടോ പ്രസിഡൻറ് പ്രൊഫ. കെ. കെ തെക്കേടത്ത് വിദ്യഭ്യാസ സമ്മേളനം ഉത്ഘാടനം ചെയ്യുന്നു. വേദിയിൽ (ഇടത്തുനിന്നും) ശ്രീ. കെ കെ. കൃഷ്ണകുമാർ, പ്രൊഫ. ടി വി ബാലൻ, ശ്രീ പി ഗോവിന്ദപ്പിള്ള പ്രൊഫ. ആർ ആർ സി, ശ്രീ പി എസ് ഹബീബ്മുഹമ്മദ്, പ്രൊഫ. ടി. ഗോപാലകൃഷ്ണൻ, ഡോ വി. ബി. ആത്രേയ

ക്ഷേപങ്ങളുമുയർന്നിട്ടുണ്ട്. അനൗപചാരിക
വിദ്യാഭ്യാസത്തിൽ കാണിക്കുന്ന ശ്രദ്ധ ഔ
പചാരികവിദ്യാഭ്യാസത്തിൽ കാണിക്കുന്നില്ലെ
ന്നതും, അദ്ധ്യാപകരെക്കുറിച്ച് അതിൽ നല്ല
അഭിപ്രായമില്ലെന്നതും, ഓർക്കാം. ശാസ്ത്ര
സാങ്കേതിക വിഷയങ്ങൾക്കാണതിൽ ഊന്നൽ

ദ്ധ്യാപർക്കും മറെറല്ലാ വിഭാഗംങ്ങൾക്കും സ്വീ
കാര്യമായിരിക്കണമെങ്കിൽ അവരുമായി ചർച്ച
ചെയ്തംഗീകരിച്ചേ നടപ്പാക്കാവൂ. ഔദ്യോ
ഗികമായി പ്രസിഡൻറു തിരഞ്ഞെടുപ്പിൽ
വിജയം നേടിയെടുത്ത മാർക്കോസിന് ഫിലി
പ്പീൻസിൽ അധികാരത്തിൽ തുടരാൻ സാധി



വിദ്യാഭ്യാസസമ്മേളനത്തിൽ പങ്കെടുത്തവർ

ക്കാതിരുന്നത് പൊതുവായ അംഗീകാരമില്ലാ തീരുന്നതുകൊണ്ടാണ്. അതിനാൽ എ. കെ. പി. സി. ടി. എ ഇപ്രകാരമൊരു സമ്മേളനം നടത്തുന്നത് ഉചിതമാണ്.

എ കെ. പി. സി ററി. എ പ്രസിഡൻറ് പ്രൊഫ. ടി ഗോപാലകൃഷ്ണൻ ചർച്ചയ്ക്കു നേതൃത്വം നൽകി.

## പ്രൊഫ കെ. കെ. തെക്കേടത്ത്

സർവകലാശാലാ - കോളേജദ്ധ്യാപകരുടെ സംഘടനകളുടെ അഖിലേന്ത്യാ സംയുക്തസമിതിയദ്ധ്യക്ഷൻ പ്രൊഫ. കെ. കെ.തെക്കേടത്ത് സമ്മേളനം ഉത്ഘാടനം ചെയ്തു. രാജ്യത്തെ ഒന്നരലക്ഷത്തോളം അദ്ധ്യാപകരുടെ പേരിൽ അദ്ദേഹം സമ്മേളനത്തിന് അഭിവാദ്യമർപ്പിച്ചു. ഈ സമ്മേളനത്തിലെ ചർച്ചകൾ ഐഫക്ടോ ചർച്ചകളേയും നിഗമനങ്ങളെയും സ്വാധീനിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

മുൻമ്പും ഓരോ നയം പ്രഖ്യാപിച്ച സർക്കാർ നല്ലവയൊന്നും പ്രാവർത്തികമാക്കാതിരിക്കാൻ ശ്രമിച്ചിട്ടുണ്ട്. തെററായ നയങ്ങൾ നടപ്പിലാക്കാൻ തുടങ്ങിയാൽ അതിനെ എതിർത്തേപററൂ, ജനങ്ങളുടെ, വിദ്യാർത്ഥികളുടെ, അദ്ധ്യാപകരുടെ ജനാധിപത്യപരമായ അവകാശങ്ങൾ സംരക്ഷിച്ചേപററൂ.

വിദ്യാഭ്യാസം ഒരു പിടി അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും മാത്രം കാര്യമല്ല. പൊതുജനങ്ങൾക്ക് അതിലുള്ള താത്പര്യം പല വേദികളിലും വിദ്യാഭ്യാസത്തെപ്പററി സംസാരിച്ച തനിക്കു ബോദ്ധ്യമായിട്ടുണ്ട്, അദ്ദേഹം വ്യക്തമാക്കി. സ്വതന്ത്രചിന്തക്കുള്ള അവകാശം ജനാധിപത്യത്തിന് ഒഴിച്ചുകൂടാനാവാത്തതാണ്. 1950-ൽ ഭരണഘടനക്കു രൂപം കൊടുത്തവർ വിഭാവനം ചെയ്തത്, 14 വയസു വരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നല്കണമെന്നാണ്. ഇന്നും ആ ലക്ഷ്യം നിറവേറിയിട്ടില്ല. എന്നു തന്നെയല്ല, ഇന്നത്തെ സർക്കാരിന് അതൊരു ലക്ഷ്യമേ അല്ലാതായിരിക്കുന്നു. സാംസ്ക്കാരികമായ മേൻമ അവകാശപ്പെടുന്ന ഇന്ത്യയിൽ നിരക്ഷരരുടെ എണ്ണം നാൾക്കുനാൾ പെരുകി വരുന്നു, തൊഴിലില്ലാത്ത സാക്ഷരുടെയും. വിദ്യാഭ്യാസത്തിനുവേണ്ടി നീക്കിവെയ്ക്കുന്നത് വിദഗ്ധൻമാർ ശുപാർശ ചെയ്തതിൻെറ അഞ്ചിലൊന്നുമാത്രം. കാരണം, സാ

മ്പത്തിക പ്രതിസന്ധിയാണുപോലും. ഈ സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കിയത് ഭരണകർത്താക്കളല്ലേ? ഈ കുററം മറച്ചുവെക്കുന്നതിനാണ്, വിദ്യാർത്ഥികളുടെ പെരുപ്പത്തിനു കുറുക്കുവഴിക്കുള്ള പരിഹാരമായി അനൗപചാരിക വിദ്യാഭ്യാസം നിർദ്ദേശിക്കുന്നത്. അഞ്ചാം പദ്ധതിയിൽ 44 ലക്ഷം വിദ്യാർത്ഥികളെ വിഭാവനം ചെയ്തിടത്ത് യഥാർത്ഥത്തിൽ 34 ലക്ഷം വിദ്യാർത്ഥികളേയുണ്ടായിരുന്നുള്ളു. സർക്കാരിന്റെ നടപടിയുടെ പൊള്ളത്തരവും ആത്മാർത്ഥതയില്ലായ്മയുമാണ് ഇതു വ്യക്തമാക്കുന്നത്. ഔപചാരിക വിദ്യാഭ്യാസം സാർവത്രികമാക്കാനുള്ള ആദ്യകാല നയത്തിൽനിന്നു പിന്നോക്കം പോയി അംഗണവാടികൾ, തുറന്ന സർവകലാശാല എന്നിവ വഴി റേഡിയോ, ടെലിവിഷൻ, ഉപഗ്രഹം എന്നിവയുടെ സഹായത്തോടെ അനൗപചാരിക വിദ്യാഭ്യാസം പുരോഗമിപ്പിക്കാനാണ് നീക്കം. മഹാരാഷ്ട്രയുൾപ്പെടെയുള്ള 11 സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഒരു പരാജയമായിട്ടാണ് അനുഭവം. വിദ്യാഭ്യാസം പൂർത്തിയാക്കാത്തവർ നടത്തുന്ന അംഗണവാടികൾ, കുടിവെള്ളവും മൂത്രപ്പുരയുമില്ലാത്ത, പലപ്പോഴും അദ്ധ്യാപകരും ഇല്ലാത്ത വിദ്യാലയങ്ങൾ-ഇവ സാധാരണക്കാർക്കും, കംപ്യൂട്ടർ പോലുള്ള ഏററവും പുതിയ സാങ്കേതിക വിദ്യ അഭ്യസിപ്പിക്കുന്ന മികച്ച വിദ്യാലയങ്ങൾ ജില്ലതോറും മേലേക്കിടയിലുള്ളവർക്കും - 21-ാം നൂററാണ്ടിലേക്ക് ഇന്ത്യൻ സോഷ്യലിസം നീങ്ങുകയാണ്! രാഷ്ട്രീയക്കാരനായ വിദ്യാഭ്യാസ മന്ത്രിയും വൈസ് ചാൻസലറും ചാൻസലർ-ഗവർണറും കൂടിയാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് പോലീസ് സംരക്ഷണസേനയെക്കൊണ്ട് രാഷ്ട്രീയം തൂത്തുകളയിക്കാൻ പോകുന്നത്! ആന്ധ്ര, പശ്ചിമബംഗാൾ, തമിഴ്നാട്, മഹാരാഷ്ട്ര എന്നിവിടങ്ങളിലെ അനുഭവങ്ങൾ നാം മറക്കാറായിട്ടില്ലല്ലൊ. മാത്രമല്ല, ഒരു നേരത്തെ ആഹാരത്തിനു വകയില്ലാത്തതിനാൽ തൊഴിലെടുക്കേണ്ടി വരുന്ന കുട്ടികളെ അനൗപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒരിക്കലും ആകർഷിക്കുകയുമില്ല. ഫലത്തിൽ തൊഴിൽ രംഗത്തേക്ക് അനഭ്യസ്തവിദ്യരെ അധികമധികം തള്ളിവിടാനേ ഇവ ഉപകരിക്കൂ. രാഷ്ട്രീയം വിദ്യാഭ്യാസ സ്ഥാകനങ്ങളിൽ നിന്നും തൂത്തെറിയുന്നതിനായി, നാമനിർദ്ദേശം ചെയ്യപ്പെട്ട സെനററും സിൻഡിക്കേററുമുള്ള കോട്ടയത്തെ ഗാന്ധിജി സർവകലാശാലയുടെ



കവിയരങ്ങ് : ശ്രീ. ബാലചന്ദ്രൻ ചുള്ളിക്കാട് കവിത ചൊല്ലുന്നു. വേദിയിൽ (ഇടത്തുനിന്നും) : സച്ചിദാനന്ദൻ, ദേശമംഗലം രാമകൃഷ്ണൻ, ചെമ്മനം ചാക്കോ, പുനലൂർ ബാലൻ, വിനയചന്ദ്രൻ, നെല്ലിക്കൽ മുരളീധരൻ, കുഞ്ഞപ്പാപട്ടാന്നൂർ

കഥ എവർക്കുമറിവുള്ളതല്ലേ? അതിനാൽ, പുതിയ വിദ്യാഭ്യാസനയം അപ്പാടെ തള്ളികള യേണ്ടി വരുന്നു. അത് ജനാധിപത്യ വിരുദ്ധ വും താഴിമതിക്കും കൈക്കൂലിക്കും വളംവെയ്ക്കുന്നതും ആയതുകൊണ്ട്, ബുദ്ധിജീവി കൾക്ക് ആ നിലയിൽ, അതിനെ എതിർക്കാതി ക്കാൻ നിവൃത്തിയില്ല.

## ഡോ: വി. ബി. ആത്രേയ

ഒരു സാമ്പത്തിക ശാസ്ത്രജ്ഞനായ ഡോ. വി. ബി. ആത്രേയ തമിഴ്നാട്ടിലെ ഭാര തീദാസൻ സർവകലാശാലയിലെ ഫാക്കൽട്ടി ഫോറം സെക്രട്ടറിയെന്ന നിലയിൽ എ. കെ. പി. സി. റ്റി. എ. പ്രവർത്തകർക്ക് അഭിവാ ദ്യമർപ്പിച്ചുകൊണ്ടാണ്, പുതിയ സാമ്പത്തിക നയവുമായി ബന്ധപ്പെടുത്തി പുതിയ വിദ്യാ ഭ്യാസ നയത്തെ പരിശോധിക്കുന്ന പ്രബന്ധം അവതരിപ്പിക്കാൻ തുടങ്ങിയത്. പരിതസ്ഥി കളോടു പ്രതികരിക്കാനുള്ള കഴിവ് നമുക്കി ല്ലാതാകുന്നുണ്ടോ, അദ്ദേഹം സംശയിച്ചു.

പുതിയ വിദ്യാഭ്യാസനയത്തിന്റെ ആത്യന്തിക ലക്ഷ്യം, ഏററവും പുതിയ സാങ്കേതിക വിദ്യ യിൽ പരിശീലനം നേടിയ ഭരണാധികാരി വർ ഗത്തെ സൃഷ്ടിക്കുക മാത്രമാണ്. ജനങ്ങളുടെ ശേഷി വിഗണിക്കപ്പെടും. മനുഷ്യന്റെ സ്ഥാ നത്ത് കംപ്യൂട്ടർ പോലുള്ള യന്ത്രങ്ങൾ സ്ഥാ നം പിടിക്കും. നാട്ടുകാർക്കുവേണ്ട അവശ്യ വസ്തുക്കളുടെ ഉത്പാദനത്തിൽ ശ്രദ്ധിക്കാ തെ, വിദേശ വിപണിയിൽ കണ്ണുംനട്ട് ഉത്പാ ദനം, വിദേശ സാങ്കേതിക വിദ്യയേയും വിദേശ സഹായത്തേയും അധികമധികം ആശ്രയിക്കാ നുള്ള പ്രവണത, വിദേശത്തോടുള്ള അടിമത്തം -ഇതാണ് പുതിയ വിദ്യാഭ്യാസ നയത്തിൽ പ്ര തിഫലിക്കുന്നത്. ബഹുഭൂരിപക്ഷം നാട്ടുകാർ ക്ക് വിദ്യാഭ്യാസത്തിനുള്ള അവകാശം നിഷേ ധിക്കുന്നത്, സാങ്കേതികവും ഭരണപരവുമായ പരിജ്ഞാനം ഒരു ചെറിയ വിഭാഗത്തിന് നൽ കാനാണ്. ജനാധിപത്യം വിജയിക്കണമെങ്കിൽ, ജനങ്ങൾ സാക്ഷരരായിരിക്കണം. സോഷ്യലി സ്ററ് രാഷ്ട്രങ്ങളായ ക്യൂബയും ചൈനയും ഇക്കാര്യത്തിൽ വിജയിച്ചപ്പോൾ ഇന്ത്യ ഈ ലക്ഷ്യ ത്തിൽ നിന്നുപോലും പിന്നോക്കം പോകമനാ ണ് തുടങ്ങുന്നത്.

## ശ്രീ. പി. ഗോവിന്ദപ്പിള്ള

തുടർന്നു പ്രബന്ധം അവതരിപ്പിച്ച ശ്രീ. പി. ഗോവിന്ദപ്പിള്ള ചരിത്രപശ്ചാത്തലത്തിൽ നാളിതുവരെയുള്ള വിദ്യാഭ്യാസ നയങ്ങളെ വി ലയിരുത്താനാണ് ശ്രമിച്ചത്. കഴിഞ്ഞ 5000 വർഷമായി ബഹുഭൂരിപക്ഷത്തിന്, സാക്ഷരത നിഷേധിച്ച ഭരണാധികാരികൾ അന്നും തുട രുന്നു; അതിനെ ഇന്നും ന്യായീകരിക്കുന്നു. ദേശകാലങ്ങൾ മാറിയാലും ഇതിനു മാററമില്ല. 1807-ൽ ഇംഗ്ലണ്ടിലെ റോയൽ സൊസൈററിയു ടെ പ്രസിഡണ്ട് അവിടത്തെ തൊഴിലാളികൾ ക്കും ദരിദ്രർക്കും വിദ്യാഭ്യാസം നൽകുന്നതിനെ എതിർത്തു. 1986ലും കേരളത്തിൽ ഏറെക്കുറെ അതുതന്നെ നടക്കുന്നു. പ്ലാനിങ് ബോർഡി ലെ തല നരച്ച വിദഗ്ധൻമാരുടെ നിർദേശങ്ങൾ പുല്ലുപോലെ കണക്കാക്കി സാമ്പത്തിക സ്വാ ശ്രയത്വമുള്ള 150 ഇംഗ്ളീഷ് മീഡിയം സ്കൂ ളുകൾ ഈയ്യിടെ അനുവദിച്ചത്, ഇവിടെ ഇന്നും തമ്പ്രാൻ വിദ്യാഭ്യാസം നില നില്ക്കുന്നതിന് തെളിവാണ്. വിദ്യാഭ്യാസരംഗത്തെ സമ്പന്ന രുടെ മേല്ക്കോയ്മ, സ്വകാര്യവത്കരണം, പോലീസ്രാജ് ഈ മൂന്നിനെയും എതിർത്തു തോല്പിക്കേണ്ടത് ജനാധിപത്യവിശ്വാസിക ളുടെ കടമയാണെന്ന് ശ്രീ. ഗോവിന്ദപ്പിള്ള ഉത് ബോധിപ്പിച്ചു.

## പ്രൊഫ. ആർ. ആർ സി. നായർ

പിന്നീടു സംസാരിച്ചത് പ്രൊഫ. ആർ. ആർ. സി നായരാണ്. സർക്കാരിനെത്ത ന്നെ മാററിമറിക്കുന്ന വിദ്യാഭ്യാസക്കുത്തക കൾ കാർഷിക - വിദ്യാഭ്യാസരംഗങ്ങളിൽ പു രോഗമന പരമായ നടപടികളെ തുരങ്കം വെച്ച കഥ അദ്ദേഹം ഓർമിപ്പിച്ചു. 1967-ൽ അധ്യാ പകന്, നിയമാധിഷ്ഠിതമായ സേവന-വേതന വ്യവസ്ഥകളും, വിദ്യാർഥികൾക്ക് സെനററി ൽ പ്രാതിനിധ്യവും ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്യുന്ന കേരള സർവകലാശാലാനിയമത്തിൽ സ്വയം ഭരണ കോളേജിനും വ്യവസ്ഥവേണമെ ന്നു വാദിച്ചവരുണ്ടായിരുന്നു. ഭരണഘടനയി ലെ ന്യൂനപക്ഷാവകാശനിയമം, ന്യൂനപക്ഷ ങ്ങൾക്ക് അവരുടെ സംസ്ക്കാരവും ഭാഷയും ലിപിയും സംരക്ഷിക്കാനാണ്. പുരോഗമന പരമായ നടപടികൾക്ക് തടസ്സം സൃഷ്ടിക്കാ നല്ല. പുതിയ വിദ്യാഭ്യാസനയരേഖയുടെ ആ

മുഖത്തിൽ, അന്നത്തെ വിദ്യാഭ്യാസമന്ത്രിതന്നെ അതിനെ എതിർത്തിട്ടുണ്ട്. അധ്യാപകരും അധ്യാപകേതരജീവനക്കാരും അവകാശങ്ങൾ ചോദിക്കുമ്പോഴും, വിദ്യാർഥികൾ സൗകര്യങ്ങൾ ആവശ്യപ്പെടുമ്പോഴും, 'രാഷ്ട്രീയ പ്രേരിതം, രാഷ്ട്രീയപ്രേരിതം' എന്നാക്രോശിക്കുന്ന ഏർപ്പാട് വിലപ്പോവില്ല. വികലമായ വിദ്യാഭ്യാസത്തിന്നെതിരെ ശക്തവും സംഘടിതവുമായി ആഞ്ഞടിക്കാൻ പ്രൊഫ. ആർ. ആർ. സി ആഹ്വാനം നൽകി.

## ശ്രീ. കെ കെ. കൃഷ്ണകുമാർ

ശാസ്ത്രസാഹിത്യ പരിഷത്തിന്റെ പ്രതിനിധിയായ ശ്രീ. കെ. കെ. കൃഷ്ണകുമാർ പുതിയ വിദ്യാഭ്യാസനയത്തിലെ പ്രസക്തഭാഗങ്ങളുദ്ധരിച്ചുകൊണ്ടാണ് സംസാരിച്ചത്. വിദ്യാഭ്യാസരംഗത്തെ കൈക്കൂലിയേയും അഴിമതിയേയും സാധൂകരിക്കുന്ന പുതിയ വിദ്യാഭ്യാസനയത്തെ എല്ലാതലത്തിലും പെട്ടവർ എതിർക്കുകയാണ് ചെയ്തിട്ടുള്ളത്. ഇന്ത്യൻ സാഹചര്യങ്ങളുമായി യാതൊരുബന്ധവുമില്ലാത്ത, ഇന്ത്യയുടെ ആവശ്യങ്ങൾക്കുതകാത്ത, വിദേശവിപണികൾക്കുമാത്രം പ്രയോജനമുള്ളവരെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസ പദ്ധതി വിദ്യാഭ്യാസത്തിനുതന്നെ ഒരുവെല്ലുവിളിയാണ്.

## പ്രൊഫ. ടി വി. ബാലൻ

ഗവൺമെൻറ് കോളേജ് അധ്യാപക നേതാവായ പ്രൊഫ. ടി. വി. ബാലൻ പുതിയ വിദ്യാഭ്യാസനയം വേണ്ടത്ര ചർച്ചയ്ക്കു വിധേയമാക്കാതെ പാർലമെൻറിൽ പാസ്സാക്കി നടപ്പാക്കാൻ ഗവൺമെൻറുകാണിക്കുന്ന ധൃതിയിൽ ഉത്കണ്ഠ പ്രകടിപ്പിച്ചു. വിദ്യാഭ്യാസവ്യാപനം തടയുന്നത് കുത്തക സമ്പദ്വ്യവസ്ഥയുള്ള സമൂഹങ്ങളുടെ പ്രത്യേകതയാണ്. അതിനെതിരായുണ്ടായേക്കാവുന്ന പ്രക്ഷോഭങ്ങളെ അടിച്ചമർത്താനാണ് വൈസ്ചാൻസലർമാരെ മാപ്പുസാക്ഷിയാക്കി വിദ്യാഭ്യാസ സംരക്ഷണ സേനയും മററും ഉണ്ടാക്കുന്നത്. ജനാധിപത്യത്തിനു നിരക്കാത്ത ഈ രേഖയെ എതിർക്കുകതന്നെ വേണം.

## ശ്രീ. പി. കെ. രാജൻ

കേരളസർവകലാശാലാ സിൻഡിക്കേററംഗവും സർവകലാശാലാ അദ്ധ്യാപക സംഘടനാ നേതാവുമായ പ്രൊഫ. പി. കെ. രാജൻ അദ്ധ്യാപക പ്രസ്ഥാനങ്ങളുടെ പശ്ചാത്തലത്തിൽ പുതിയ നയത്തെ വിശകലനം ചെയ്തു. ബ്രിട്ടീഷുകാർക്ക് രാഷ്ട്രീയവും ഭരണപരവുമായ ലക്ഷ്യങ്ങൾ നേടാനുള്ള ഒരുപകരണം മാത്രമായിരുന്നു അദ്ധ്യാപകൻ. 1950-1970 കാലയളവിൽ ഇന്ത്യയിൽ അഭൂതപൂർവമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളർന്നു; ഒപ്പം സമൂഹത്തിൽ സാമ്പത്തികാധികാരം കയ്യടക്കിയ ശക്തികൾ വിദ്യാഭ്യാസരംഗവും കയ്യടക്കാൻ ശ്രമിച്ചു. സ്വകാര്യ മാനേജുമെൻറുകൾ വളർന്നു. അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും വിദ്യാർഥികളുടെയും എണ്ണവും വർദ്ധിച്ചു. അവർ മാനേജുമെൻറിന്റെ സ്വേച്ഛാധികാരത്തെ ചോദ്യം ചെയ്തു വന്നു. തത്ഫലമായി അദ്ധ്യാപകന് നയങ്ങൾക്ക് രൂപം നൽകുകയും ഭരണം നിർവഹിക്കുകയും ചെയ്യുന്ന അക്കാദമിക് കൗൺസിൽ, സെനററ്, സിൻഡിക്കേററ് എന്നീ സമിതികളിൽ സ്ഥാനം കിട്ടി, തീരുമാനമെടുക്കാൻ അധികാരവും അവകാശങ്ങൾ ചോദിക്കാൻ സ്വാതന്ത്ര്യവും കൈവന്നു. അധികാരത്തിന്റെ ഘടന കീഴ്മേൽ മറിഞ്ഞു. അതിനാൽ വിദ്യാഭ്യാസത്തിലെ ജനാധിപത്യ ശക്തികളെ പിളർക്കാനും തളർത്താനും സ്ഥാപിതതാല്പര്യക്കാർ ശ്രമങ്ങളാരംഭിച്ചു. അദ്ധ്യപകരും വിദ്യാർഥികളും മററും ജനാധിപത്യരീതിയിൽ സംഘടിക്കുമ്പോൾ, മത-സാമുദായിക ശക്തികൾ അതിനെ പിളർക്കാൻ ശ്രമിക്കുന്നത് സ്വാഭാവികമാണ്. പുതിയ വിദ്യാഭ്യാസ നയത്തോടുള്ള പ്രതികരണം സെമിനാർ നടത്തിയതുകൊണ്ടുമാത്രം തീരരുത്. സ്വയം വിമർശനം വേണം അദ്ധ്യാപകൻ നഷ്ടപ്പെട്ട പ്രതികരണശേഷി വീണ്ടെടുക്കണം.

പ്രോഗ്രാം കമ്മിററി കൺവീനർ പ്രൊഫ. കെ. സുകുമാരൻനായർ സദസിന് നന്ദി പറഞ്ഞ.

## കവിയരങ്ങും, കലാപരിപാടികളും

വൈകിട്ട് വൈലോപ്പിള്ളി നഗറിൽ (സെനറ്റ് ഹാൾ) നിറഞ്ഞ സദസിൽ നടന്ന കവിയരങ്ങ് ഡോ. അയ്യപ്പപണിക്കർ ഉത്ഘാടനം ചെയ്തു. പുനലൂർ ബാലൻ അധ്യക്ഷനായിരുന്നു. ചെമ്മനം ചാക്കോ, സച്ചിദാനന്ദൻ, വിനയചന്ദ്രൻ, നെല്ലിക്കൽ മുരളീധരൻ, ബാലചന്ദ്രൻ ചുള്ളിക്കാട്, അഗസ്റ്റിൻ ജോസഫ്, ദേശമംഗലം രാമകൃഷ്ണൻ, കുഞ്ഞപ്പാപട്ടാന്നൂർ, മോഹനൻ കുരീപ്പുഴ ശ്രീകുമാർ തുടങ്ങിയവർ കവിത അവതരിപ്പിച്ചു.

കവികൾക്ക് പ്രൊഫ. എം. കെ. ഗംഗാധരൻ സ്വാഗതവും പ്രൊഫ. എസ്.വി. വേണു ഗോപൻനായർ കൃതജ്ഞതയും പറഞ്ഞു. തുടർന്ന് കായംകുളം എം എസ് എം കോളേജധ്യാപകനായ ശ്രീസുശ്രുതൻ മിമിക്രി അവതരിപ്പിച്ചു.

സർവകലാശാലാ യുവജനോൽസവത്തിൽ സമ്മാനം നേടിയ താരാകല്യാൺ, മോഹിനിയാട്ടം, ഭരതനാട്യം, കുച്ചുപ്പുടി, നാടോടിനൃത്തം എന്നീ ഇനങ്ങളും അവതരിപ്പിച്ചു. ആകാശവാണിയുടെ സംഗീതമൽസരത്തിൽ സമ്മാനം നേടിയ വാമനൻ നമ്പൂതിരിയുടെ ഗാനവും ഉണ്ടായിരുന്നു.

## പ്രകടനം

8-നു ശനിയാഴ്ച രാവിലെ മ്യൂസിയത്തിൻെറ പരിസരത്തുനിന്നാരംഭിച്ച പ്രകടനത്തിൽ അദ്ധ്യാപികമാരും പങ്കെടുത്തിരുന്നു. ജില്ലാടിസ്ഥാനത്തിൽ കേരളത്തിൻെറ ഒററം മുതൽ മറേറഅററം വരെയുള്ള സ്വകാര്യ കോളേജദ്ധ്യാപകർ പതാകകളുമായി അണിനിരന്ന്, തങ്ങളുടെ അന്തസും അഭിമാനവും ഉയർത്തിയ സംഘടനയിലുള്ള ആത്മാർഥമായ വിശ്വാസം വിളിച്ചറിയിച്ചു; വിശേഷിച്ചും സംഘടന പിളർന്നതായുള്ള വാർത്ത പരന്നിരുക്കുന്ന ഈ അവസരത്തിൽ, അഖിലേന്ത്യാനേതാവ് പ്രൊഫ. കെ. കെ. തെക്കേടത്ത് തമിഴ്നാട്ടിലെ അദ്ധ്യാപക നേതാവ് ഡോ. ആത്രേയ സംസ്ഥാന നേതാക്കൾ എന്നിവർ നയിച്ച പ്രകടനത്തിന് വഴിനീളെ സഹോദര സംഘടനകളുടെ അഭിവാദനമുണ്ടായിരുന്നു. സെക്രട്ടേറിയററ് നടയിലൂടെ പ്രകടനം നീങ്ങി തിരിച്ച് പ്രതിനിധി സമ്മേളന സ്ഥലമായ വി. ആർ. എസ്. നഗറിൽ (വി. ജെ. ടി. ഹാൾ) എത്തിയപ്പോൾ പ്രതിനിധി സമ്മേളനം തുടങ്ങി. പ്രതിനിധികൾ അക്ഷരാർഥത്തിൽത്തന്നെ ഹാളിൽ തിങ്ങിനിറഞ്ഞിരുന്നു.

## പ്രതിനിധി സമ്മേളനം

സ്വാഗത സംഘാദ്ധ്യക്ഷൻ എസ് എസ് പോററി സംഘടനാ — വിദ്യാഭ്യാസതലങ്ങളിൽ ഉയർന്നുവന്നവെല്ലുവിളികൾ നേരിട്ടുകൊണ്ട് വളരുന്ന എ കെ പി സി ടി എ യ്ക്ക് സർക്കാരിൻേറയും സ്വകാര്യമാനേജുമെൻറിൻേറയും മാത്രമല്ല, സംഘടനാവിരുദ്ധരായ അധ്യാപകരുടെയും പ്രചാരവേലകളെ അഭിമുഖീകരിക്കേണ്ടിവന്നിരിക്കുന്ന ഈ ഘട്ടത്തിൻ എല്ലാത്തിനേയും എതിർത്തു തോൽപിക്കുമെന്നതിൻെറ പ്രത്യക്ഷ സൂചനയാണ് പ്രകടനമെന്ന്പറഞ്ഞ് സ്വാഗതമാശംസിച്ചപ്പോൾ സദസ് കയ്യടികൾ കൊണ്ട് അതുശരിവെച്ചു. കേന്ദ്ര-സംസ്ഥാനസർക്കാരുകൾ പുതിയ വെല്ലുവിളികൾ ഉയർത്തിയിരിക്കുന്ന ഈ സാഹചര്യത്തിൽ സമ്മേളനത്തിൽ മാത്രമല്ല, പ്രകടനത്തിലും പങ്കെടുത്ത അഖിലേന്ത്യാ അധ്യാപക പ്രസ്ഥാനത്തിൻെറ പ്രതീകങ്ങളായ പ്രൊഫ. തേക്കേടത്ത്, ഡോ. ആത്രേയ എന്നിവരെ അദ്ദേഹം സന്തോഷത്തോടെ സമ്മേളനത്തിലേക്ക് സ്വാഗതം ചെയ്തു. അഖിലേന്ത്യാ അധ്യാപക പ്രസ്ഥാനത്തിൻെറ അഭിവാദ്യങ്ങൾ സദസ്സിന്നർപ്പിച്ചുകൊണ്ടാണ് പ്രൊഫ. തേക്കേടത്ത് ഉത്ഘാടനപ്രസംഗം തുടങ്ങിയത്. ഇന്ത്യയിലാകമാനമുള്ള അധ്യാപക പ്രസ്ഥാനങ്ങൾക്ക് എ കെ പി സി ടി എ നൽകിയ പ്രചോദനം സൂചിപ്പിച്ച അദ്ദേഹം ഇവിടെ സഹോദര സംഘടനകളുമായി സഹകരിച്ചുനേട്ടമുണ്ടാക്കുന്നതിൽ സംതൃപ്തി രേഖപ്പെടുത്തി. ഈ ഐക്യം ബഹുദൂരം ശക്തമായി മുന്നോട്ടു കൊണ്ടുപോകാനാഹ്വാനം നല്കുകയും ചെയ്തു. പുതിയ വിദ്യാഭ്യാസനയം അധ്യാപകരെ പല തട്ടുകളിലാക്കുന്നു. വിദ്യാഭ്യാസനിലവാരം താഴ്ത്തുന്നു, അഴിമതിയും കൈക്കൂലിയും വളർത്തുന്നു, ബഹുഭൂരിപക്ഷത്തിന് വിദ്യാഭ്യാസത്തിനുള്ള ജനാധി

പത്യാവകാശം നിഷേധിക്കുന്നു. ചുരുക്കം ചി ലർക്കുവേണ്ടി രാജ്യത്തെ സമ്പദ്‌വ്യവസ്ഥ വ ളച്ചൊടിക്കുന്നു. അതിനാൽ ഇത്തരം പ്രശ്ന ങ്ങൾക്കെതിരെ ശക്തമായി ആഞ്ഞടിക്കാൻ കേ രളത്തിലെ ഏറ്റവും വലിയ കോളേജധ്യാപക പ്രസ്ഥാനമായ എ കെ പി സി ടി എ യുടെ പിന്നിൽ അണിനിരക്കാൻ അദ്ദേഹം നൽകിയ ആഹ്വാനം സദസ്സ് കൈയ്യടിച്ചു സ്വാഗതം ചെയ്തു.

## പ്രൊഫ. ടി ഗോപാലകൃഷ്ണൻ

അദ്ധ്യക്ഷ പ്രസംഗത്തിൽ പ്രൊഫസർ ടി. ഗോപാലകൃഷ്ണൻ അദ്ധ്യാപക പ്ര സ്ഥാനത്തിന് എ. കെ. പി. സി. റ്റി. എ നല്കിയ ത്യാഗോജ്ജ്വലമായ സംഭാവന അനു സ്മരിച്ചു. സംഘടനയുമായി പൊരുത്ത പ്പെടാനാകാത്തവർ പുറത്തുപോയതുകൊണ്ട് സംഘടനയ്ക്കു ശക്തി കൂടിയിട്ടേയുള്ളു. കഴിഞ്ഞ മൂന്നുവർഷത്തെ പ്രവർത്തനവും പ്ര ശ്നങ്ങളും വിലയിരുത്തി, അദ്ധ്യാപകരു ടെയും ഉന്നതവിദ്യാഭ്യാസത്തിൻെറയും താത് പര്യം മുൻനിർത്തി അടുത്ത മൂന്നുവർഷത്തേ യ്ക്കുള്ള പരിപാടികൾക്കു രൂപം നൽകാനും അകാലത്തിൽ അന്തരിച്ചുപോയ സഹപ്രവർത്ത കരുടെ കുടുംബാംഗങ്ങൾക്കു വേണ്ടി സമാഹ രിച്ച ക്ഷേമനിധി വിതരണം ചെയ്യാനും സമ്മേ ളിച്ച അദ്ധ്യാപക സുഹൃത്തുക്കൾക്ക് അദ്ദേ ഹം അഭിവാദ്യമർപ്പിച്ചു. തുടർന്നു പ്രസംഗിച്ച ഡോ ആത്രേയ തമിഴ്നാട്ടിലെ അദ്ധ്യാപക രുടെ അഭിവാദ്യങ്ങൾ എ. കെ. പി. സി. ടി. എ സുഹൃത്തുകൾക്ക് അർപ്പിച്ചതോടൊപ്പം തന്നെ ഈ സമ്മേളനത്തിലേക്കു ക്ഷണിച്ച തിനുള്ള നന്ദിയും രേഖപ്പെടുത്തി. 1985-ൽ തമിഴ്നാട്ടിലെ അദ്ധ്യാപകർ ഒന്നടങ്കം ഐതി ഹാസികമായ സമരം നടത്തി. അവർക്കു മാതൃക എ കെ. പി. സി. റ്റി. എ ആയി രുന്നു, അദ്ദേഹം വ്യക്തമാക്കി. പ്രകടന ത്തിൽ പങ്കെടുത്ത തനിക്ക് അതിൽ മുഴങ്ങി കേട്ട മുദ്രാവാക്യങ്ങൾ ആവേശം പകർന്നു.

അകാലത്തിൽ അന്തരിച്ചുപോയ ശ്രീ. ലോകനാഥൻ, ശ്രീ. ഗോവിന്ദൻ നായർ, ശ്രീ. വാസുണ്ണി എന്നീ അദ്ധ്യാപക സുഹൃത്തു ക്കളുടെ അനന്തരാവകാശികൾക്ക് പ്രൊഫ. ആർ. രാമചന്ദ്രൻ നായർ ക്ഷേമനിധി വിതരണം ചെയ്തു. ഒരു തരത്തിലുള്ള സേവന-വേതന വ്യവസ്ഥയോ പെൻഷൻ ആനുകൂല്യങ്ങളോ ഇല്ലാതെ തുച്ഛമായ വേതനം മാത്രം പററി യിരുന്ന അദ്ധ്യാപകർക്ക് ഇന്ന് പഴയതിനെ ക്കാൾ മെച്ചപ്പെട്ടസേവന-വേതന-വ്യവസ്ഥയും പെൻഷൻ ആനുകൂല്യങ്ങളും കിട്ടുന്നത് സം ഘടന നിരന്തരം നടത്തിവന്ന സമരപരിപാടി കളുടെ ഫലമായിട്ടാണ്. അങ്ങനെ നമ്മുടെ കൂടെ സമരം ചെയ്ത സുഹൃത്തുക്കൾ അകാ ലത്തിൽഅന്തരിക്കുമ്പോൾ അവരെ നാം മറക്ക രുതെന്ന് പ്രൊഫ. ആർ ആർ സി പറഞ്ഞു.

വിഭവസമൃദ്ധമായ സദ്യയ്ക്കുശേഷം പ്രൊഫ. ഭാർഗവൻ, പ്രൊഫ. (ഡോ.) മോഹനൻ നായർ പ്രൊഫ. സുധാകരക്കമ്മത്ത്, പ്രൊഫ, നാരാ യണക്കൈമൾ തുടങ്ങിയ പ്രതിനിധികൾ അവ കാശപത്രികയെപ്പററിയുള്ള ചർച്ചയിൽ പങ്കെ ടുത്തു നിർദ്ദേശിച്ച ഭേദഗതികളും നിർദ്ദേശ ങ്ങളും സ്വീകരിച്ച് സമ്മേളനം കയ്യടിച്ച് പത്രികയുടെ കരടുരേഖ പാസാക്കി.

വൈകുന്നേരം നടന്ന പൊതുസമ്മേളനത്തിൽ പ്രസിഡൻറ് പ്രൊഫ. ടി ഗോപാലകൃഷ്ണൻ അദ്ധ്യക്ഷനായിരുന്നു. സഹോദരസംഘടന കളുമായി പൊതുപ്രശ്നങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കുന്നതുകൊണ്ടുള്ള നേട്ടങ്ങളും അ തിൻെറ ആവശ്യകതയും അദ്ദേഹം ചൂണ്ടി ക്കാട്ടി.

അദ്ധ്യാപക സർവീസ് സംഘടനാപ്രതിനി ധികളായ ശ്രീ. അരുവിപ്പുറം പ്രഭാകരൻ, ശ്രീ കെ. വി. രാജേന്ദ്രൻ, ശ്രീ. സോമശേഖരൻ നായർ, ശ്രീ. ബാലകൃഷ്ണൻ തുടങ്ങിയവർ പൊതു പ്രശ്നങ്ങളിൽ ഊന്നിനിന്നുകൊണ്ട് അതാതു സർവീസ് സംഘടനകൾക്ക് കേന്ദ്ര- സംസ്ഥാന സർക്കാരുകളിൽ നിന്നും മററും നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ അവതരി പ്പിച്ച് അതിനെതിരെ സമരം സംഘടിപ്പി ക്കേണ്ടതിൻെറ ആവശ്യകത ഊന്നിപ്പറഞ്ഞു. പ്രൊഫ. എൽ, ജി. വർഗീസ് കൃതജ്ഞത രേഖപ്പെടുത്തി.

പ്രതിനിധികളുടെ ആവേശകരമായ മുദ്രാവാക്യത്തിൻെറ അന്തരീക്ഷത്തിൽ പ്രസി ഡൻറ് പ്രൊഫ. ടി ഗോപാലകൃഷ്ണൻ പതാ കതാഴ്ത്തിയതോടെ മൂന്നു ദിവസം നീണ്ടു നിന്ന 13-ാം കൺവൻഷൻ സമാപിച്ചു. □

# RESOURCE MOBILISATION FOR EDUCATION

**Dr. V. B Athreya**
Professor of Economics
Bharathidasan University

The Government of India Document challenge of Education (hereafter referred to as the document) has suggested (Chapter 4, point 70) that a possible approach to the task of resource mobilisation for education could be the setting up of a high powered joint commission of the Centre and States for studying the problem of resources for education and working out a strategy for mobilising these on a long-term basis. The suggestion is, on the face of it, unexceptionable, and may even be welcomed to the extent that it reflects an awareness on the part of the Central Government of the importance of consultations with State Governments on this issue. However, committees are often a means of shelving rather than solving problems and the problem of resource mobilisation is an especially difficult one. In this note; it is intended to discuss briefly some aspects of this problem, rather than to, pronounce on the merit of the proposal made by the Document.

2. The Document confesses that there has been' a progressive decline in the allocation of resources' to education (1.32). The share of Central and State plan outlays allocated to education has declined from 7.22% in the First Plan to 2.2% in the Sixth Plan. The outlay in the 1985-86 budget is only 1.002%. The decline in the proportion of total resources expended on education holds for all levels of education.

Table 1 below shows the trends in per pupil expenditure.

**Table 1: Public Expenditure per Pupil in India at 1970-71 Prices (Rs. per annum)**

| Year | Primary | Middle | Secondary | Universities/ Institutions of Higher Education | College General | College Profess-ional |
|---|---|---|---|---|---|---|
| 1950-51 | 41.9 | 73.1 | 153.5 | 4011.7 | 486.7 | 1640.4 |
| 1960-61 | 50.1 | 72.5 | 166.4 | 4581.1 | 548.8 | 1476.2 |
| 1970-71 | 57.0 | 84.9 | 168.4 | 4141.2 | 421.6 | 1179.0 |
| 1975-76 | 55.2 | 83.3 | 148.9 | 3664.5 | 330.9 | 890.1 |

*Source: Challenge of Education, (Govt. of India, New Delhi, 1985) Appendix V, p. 94.

Save for a marginal increase from an abysmally low base at the primary level, the picture is one of stagnation or sharp decline. The steep decline at all levels of higher education should especially cause concern from the point of view of long run development of the nation's science and technology and human resource potential.

The Document also notes (3.76, p. 65), that the States have borne the brunt of the expenditure on education; and that there has been considerable variation across States in the size of outlays on education. Thus, while the country's constitution was amended during the Emergency to bring education into the concurrent list, the Centre has not come forward to share a greater part of the burden of expenditure on education. The contribution from private sources-donations, endowments, etc.,-has also declined from 11.6% in 1950-51 to barely 3% by 1981 (Document, 3.75, p. 65). Yet, paradoxically enough, private control over educational institutions has not become weaker, and in fact has quite possibly grown stronger in recent years. The pattern of the public sector or exchequer subsidising the private sector and guaranteeing its profits is evident in the field of education as well.

4 It is difficult to obtain from the *Document* even a rough idea of the order of magnitude of resources required in the years to come. Partly, this is unavoidable inasmuch as we are dealing with an essentially private enterprise non-planned social system of which the educational system is but a sub-system. Partly, it arises from the absence of any clear perspective plan for the growth of this sector. At several points in the *Document*, one finds references to resource requirements. The general tenor of the argument is that considerably larger resources will be needed than in the past (eg. 3. 69, p· 63).

5 The question that arises is: Where are the resources for education to be found? The Docnment asserts that the problem' ... ..... has already assumed the proportions of a crisis for the Central as well as the State Government' (4. 70. p. 90). But it is not willing to go beyond a mere listing of suggestions for finding the resources (4. 69, pp. 89-90). The list includes tax on employers in the private and public sectors related to their use of professional manpower, including manpower development as an item in the cost structure of public sector projects, a surcharge on land reveuue etc. But the real thrust of the suggestions advanced by the Document involves two aspects: first there is the plea for 'rationalising the fee structure', 'rationalising' being an euphemism for massively increasing the fees; secondly, the *Document* talks of ' ... encouraging private entrepreneurs to contribute to educational development, particularly in respect of vocational and professional streams, by giving suitable rebates in taxes'. While the *Document* 'Generously' exempts schools and so called institutions of excellence from a higher fee structure, it argues for rise in fees in all other institutions to augument internal resources and 'to change the perception about the value of education, (4. 68, p. 89). In other words, the idea is to price higher education in such a way that a significant section of potential buyers are priced out of the market. The object clearly is to restrict access to higher education. The second aspect, namely encouraging private enterprise in education, logically leads to the concept of 'self - financing institutions'. To

move from this to situation where liquor is sold by the State and education is sold by the private sector is not difficult, as the experience of Tamil Nadu illustrates.

6 The thrust is thus in the direction of commercialisation of education, disclaimers by Union HRD Minister not with standing. Given this approah implict in the *Document*, the suggestion to set up a joint commision of the Centre and the States for studying the problem of resources for education cannot be taken very seriously. It would appear to be more a political gimmick, whereby the States are made to stamp their seal of approval on the Centre's policy of handing over education to the tender mercies of the marketplace. If the Centre is really series about finding resources for education, it should take an altogether different series of steps. This would include reorienting the pattern of Cenral Government expenditure, and drawing on the vast reserves of educated and unemployed manpower, but more than all else, it would involve a different approach to resource mobilisation as a whole.

7. Let us elaborate. Education, as already noted, is but a sub-system. In particular, it is crucially dependent on the economy. The well-kown American economist, the late Paul Baran once said: 'Whether there will be meat in the Kitchen is not decided in the kitchen'. So it is with education. The crisis of the Government's own making. Since Independence, the State in India has essentially relied on privete large capital in Industry, both domestic and foreign, and landlords and rich peasants in agriculture to bring about development, with the public sector playing a supportive role and providing common inputs such as power' transport and communications at a subsidised cost. This has had two major implicationslans. Firstly, the refusal to break up land monopoly and the attempt to promote agrarian growth through landlords and rich peasants has meant both an extremely restricted growth of the rural market, with the rural masses lacking purchasing power, and limited modernisation, with trading and money-lending and high levels of precapitalist groundrent acting as barriers to investment in agriculture. Secondly, the reluctance of the Government to tax the major beneficiaries of development – private capital and large landed property - has meant both increasing reliance on indirect taxes borne by common people (and restricting their purchasing power), and a severe cricis of resources. The problems have been compounded by sluggish growth of exports facing highly protected markets and a more rapid growth of imports. By 1966, this had led to a three fold crisis on the food, rupee-resource and foreign exchange fronts. The response of the Government was to cut back on public investment and liberalise the economy in favour of private capital, under active encouragement and pressure from the Western world led by the U. S. A., IMF and World Bank. The period since 1966 (which began with devaluation of the rupee under U. S. pressure) has seen a continuing process of privatisatioon and liberalisation. The 1980s have seen an intensification of the process, with the State increasingly abandoning its commitments to raising resources for development. Education is one of the first casualties. The obverse of this process has been the growth of non-developmental expenditure, especially defence including paramilitary expenditure and payment of interest and amortisation on domestic and foreign debt. It is this process which must be reversed fundamentally if we are serious about finding resources for education.

8. Together with a complete reversal of the Government's economic policies with respect to taxation, there should also be a restoration of the powers of the State Government in the sphere of education, accompanied by a substantial devolution of financial resources and powers to the States from the Centre. These must be the basic parameters within which a meaningful discussion of the modalities of resource mobilisation for education can take place. To pretend otherwise, and to highlight expenditure on teacher's salaries as the villain of the piece (as the *Document* does here and there) is to loyally serve the powers that be. A joint commission of Centre and States in this regard can only serve a useful purpose if it recognises these realities. But given the class character of the Indian State, this may be hoping for too much.


## STATEMENT OF OWNERSHIP AND OTHER PARTICULARS ABOUT KERALA PRIVATE COLLEGE TEACHER

1. Title of the Newspaper : KERALA PRIVATE COLLEGE TEACHER

2. Place of Publication ; TRIVANDRUM, KERALA

3. Periodicity of Publication : MONTHLY

4. Printer's Name : prof. V. NARAYANAN KUTTY
   Nationality : Indian
   Address : Professor
   Guruvayoorappan College, Calicut

5. Publisher's Name : prof. V NARAYANAN KUTTY
   Nationality : Indian
   Address : Professor
   Guruvayoorappan College, Calicut

6. Editor's Name ; V. N. MURALI
   Nationality : Indian
   Address : Vasantham,
   Chempakassery Nagar,
   Kesavadasapuram, Trivandrum-4

7. Name and Address of the individuals who owns the Newspaper : ALL-KERALA PRIVATE COLLEGE TEACHERS' ASSOCIATION

I. Prof. V. Narayanan Kutty hereby declare that the particulars given above are true to the best of my knowledge and belief.

1-3-1986

Sd/-
Prof. V. Narayanan Kutty

# CLASS CASTE AND EDUCATION

P. GOVINDAPILLAI

The casteist disicrmination and even oppression in education is no news for we Indians. From the time of the ancient law-giver Manu onwards these discriminations against and oppression of the lower castes are amply codified and sanctified. We in Kerala knew that the relics of such barbarian practices spilled over to this enlightened century even, and the so called Untouchables and unapproachables were banned from the portals of Saraswathi kshetras not to mention from any careers in Government

But there is a lurking lacuna in our under standing at least more often than not. In our shame and fury of the self criticism of our past, we tend to forget that even the so-called enlightened West was not much better than our forefathers in this respect. Unless we realize that there would be pit falls along our path to a more equalitarian and equitious system of education We often tend to take it for granted that once the modern system of western education is adopted we are on the Royal road to freedom and progrees in Education. The fact is that as in all systems of education in class socety, the western systems also grossly discriminated againist the toiling and producing classes of society all through their long history. And worse still, that heavy bias continues to this day albeit in new up dated garbs in spite of the tall claims to the contrary.

In ancient Athens, supposed to be the cradle of western democratic traditions with all her celib·ities like Spohocies and Aristides, Pericles and Socrates Plato and Ar.stotle and their much vaunted humanism, not only the slaves but also the majority of citizens were illiterate. And mind you the Phynicians discovered the alphabet and spread it to ail neighbouring lands like Greece almost 2000 years ago by that time.

This situation did not change much even after a millennium and a half as could be deduced from the situation at the dawn of European renaissance in 14th and 15th centuries after Christ. By 1750 the Industrial Revolution was in full swing, preceded by the epoch making scientific discoveries of Copernicus, Kepler and Newton; Still 90 percent of Europeans could neither read nor write.

The great French Revolution of 1789 and the dawn of democratic and working class movements brought in waves of change. The working class challenged not only the monopoly of wealth with a small coterie, but also the monopoly of knowledge with a narrow elite. The followers of the utopian socialist Robert owen declared:

EDUCATE - We shall need all our intelligence, AGITATE we shall need all our enthusiasm, ORGANISE we shall need all our force".

The upper class fiercely resisted the attempt of the lower classes to acquire knowledge. Even the Bible was denied to them. The first translators of The Bible from dead Latin to living contemporary languages were hunted out and bunrnt at the stake. Unlike in these days, the opponents of popular literacy and education did not try to hide their argument in hypocritical verbiage like "centres of excellence", "promotion of the talented", "march into the 21st century' etc. They were frank and straight forward. For example, when in 1807 a Bill to provide elementary schools through out the country was introduced in British House of Lords, the President of Royal Society then as it is now the most prestigious body of scholars and scientists, said without batting an eyelid:

> "However specious in theory the project might be of giving education to the labouring classes of the poor, it would in effect be found to be prejudicial to their morals and happiness; it would teach them to despise their lot in life, instead of making them good servants in agriculture and other laborious employment to which their rank in society had destined them; instead of teaching them subordination it would render them factious and refractory, as was evident in the manufacturing countries; it would enable them to read seditious pamphlets, vicious books, and publications against Christianity; it would render them insolent to their superiors; and in a few years the result would be that the legislature would find it necessary to direct the strong arm of power towards them".

And, of course, the Bill was rejected by the House. The compulsory and universel elementary education was enforced by law in Britain only by the close of the century.

This magnificent piece uttered by the President of the British Royal Society, about two cenuries ago, still remains the deeprooted plilosophy of all the contemporary stalwarts of elitistic "excellence" in education, though the phrases have altered, methods transformed. The new *Modus operandi* has two aspects, whether it is in Capitalist Europe or "Socialistic" India.

1. No more do we hear the old cries of total denial of literacy to the multitude. As a matter of fact the modern industrial and commercial establishments do require in their lower employees a minimum of literacy and formal education. There fore though they seek to restrict the scope and spread of education for the multitade with in limits, they establish a separate set of sub-standard schools and institutions for the lower strata.

2. For the chosen few destined to man the higher echelons of Industry. Trade and state, they establish and promote the so-called "centres of Excellence", "The nursery for the talented" and "opportunities for those who deserve." There are dexterous and ingenious systems of selection, examination, test by which only the scions of the affluent and the powerful would pass through.

The facade of universality of and accessibility to modern systems of education seeks to hide its real class, colours and content. Even in Britain, where education is supposed tobe more eqalitarian and democratic, even after a century of compulsory elementary education, the "old school ties" of public schools and new forms of Ox—bridge" elitism still preserve a self-perpetuating ruling caste, which is to a considerable degree hereditary too.

If that is the state of affairs in Britain, the situation in casteist and semifeudal India could be more or less imagined.

## II

The beginnings and growth of the national movement for modern education was co-eval with the beginnings and growth of the renaissance and freedom movement in our country. Naturally Raja Ram Mohan Roy, the reputed father of Indian renaissance was also the pioneer of our education movement His role is often misunderstood. He is said to have been the champion of English Education in India which was given the final shape by Macaulay in his infamous minute of 1836. Ofcourse as a moderniser par excellence, the Raja opposed the revival of the feudal system of education with Sanskrit as its central point He advocated the acceptance of western education in some of its essentials. But what he wanted for his country men was not English literary education to create a generation of Indians brown in colour but white in thought, culture and loyalty. as was explained by Macaulay: In his letter of 1923 addressed to lord Amherst Roy demanded English education" to instruct the natives of India in Mathematics Natural philosophy, Chemistry, Anatomy and other useful sciences". But Macaulay accepted only the ".English" part of it and devised a system of education for the manufacture of clerks and such lower orderlies of the foreign establishments In spite of a measure of science and technology added in small doses at a later stage the colonial education remained predominantly a literary excercise. Statistics prove that even after decades of expansion in the free India, the basic pattern devised by the erstwhile colonial masters continue still in good measure. The faculty wise enrolment of graduate and post graduate students during the last quarter of a century confirms this criticism (See Table I.)

On the basis of this and other figures and facts the Survey of National Commission on Teachers (Higher Education). 1984, comes to the following conclusion:

"It will show that in spite of all post graduate and research courses introduced and encouraged during the last three decades or so our Universities still remain the old colonial manufacturers of graduates and under graduates as was the case in the colonial past"

Thus we see that the rejcation of Raja Ram Mohan Roy's ideas expressed in the first quarter of last century continues to the last quarter of this contury. This divorce of Science and technology from the general sun of education makes it an elitistic enterprise, irrelevant to needs of a developing nation and the requirements of the majority of producing classes.

Karl Marx on several occasions, including in his *Critique of Gotha Program*, spelt out the case for education and productive practice to intertwine. Though tinged by revivalist over-tone Mahatma Gandhi too correctly stressed the need for "learning through craft". But Gandhi's disciples ruling India since Independence gave his basic education plan a deep burial long ago.

Along with Gandhi's ideas on vocational education, his stress on the role of mother tongue too was ignored. In feudal times India's medium of education was the dead Sanskrit, Europe's the dead Latin. This is an ingenious method to keep, the education strictly with in the prescribed social limits In order to fulfil the same task modern India has adopted English as the medium, from the kindergarten to the post graduate level, in institutions specially designed for the New Brahmins of Indian social hierarchy.

In the new emerging Social pattern of India, there is a curious amalgam of caste and class, industrialism and feudalism, Science and superstition mixing and coexisting.This fits well with the rhetoric of Indian leaders on their march to 21st century on the wings of elcetronics revoiution and their surrender to medieval social practices and rituals. It is highly instructive to note Rajiv gandhi, the new messiah of electronics age surrendering abjectly before the communal obscurantists of the Muslim league on the one hand and agressive Hindu rashtravadis on the other.

What is the result of all these? We occasionally come across a Harijan or backward class man in the ministries or top bureaucracy. But they are the exceptions which prove the rule and the over whelming majority of tribals, harijans and backward castes, with the impoverished erstiwhile upper caste people added on, denied education, denied careers The educational statistics prove that only 7 percent of the students belong to the harijan community, while their percentage in population is 14 percent, Among the tribals it is worse still. It must be remembered that this pitiable situation is inspite of all the special scholarships, subsidies and reservations for them, Another aspect which adds to the pity is the fact that this total number of the students do not take into consideration the staggerinigly large percentage of drop outs at various stages. Even among the very few who reach the top most remain below grade and find it impossible to compete in the employment ma ket. (For SC enrolment percentages see Table II)

The Indian education disparities, discriminations and disabilities express themselves starkly in four contrasts;

1. Between Scheduled castes and others
2. Between Scheduled tribes and others
3. Between males and females
4. Between developed and less developed areas.

All these can easily be statisticaly Confirmed. Add to this dismal picture the rising wave of illiteracy in India. Though percentage of literacy registered a slow rise form 16.67 in 1951 to 36.22 in 1981 the absolute number of illiterates go on ircreasing: As the Government of India's document "Challenge of Education" recognizes:

> 2 27. According to world Bank estimates, India would have the largest Concentration of illiterates in the world by 2000 AD, The country will have 54.8 percent of world illitrate Population in the age group 15-19"

## III

This and all other relevant data are given in the 901 decument. Still it is surprising to note that the document gives the least priority in solving these problems. Instead they give priority to opening of "Centres of Excellence" in selceted districts, computerisation which necessarily have to be on very selctive and pilot basis, encouragement to Privatisation which is playing havoc in Indian education ete. The Problem of illitcracy and serious inadequacies in elementary schools are eloquently acknowledged and deeply regretted. But there are no concrate proposals to over come them.

The diatribes against the limited demorcatic elements and procedures in the educational sytem and the proposals for automatisation of Uuniversities prompted an eniment educationist in Kerala to call the document a "Police perspective" rather than as policy perspcetive. If we also take into consideration the Chapter entitled "Police and Students" in the Police Commission Report (1983) the educationist's humorous remark will assume a grim seriousness. It is reported that the UGC and the Central experts have accepted the recommendation to establish educational Police force and hand over our campuses to them.

Thus we come to the Conclusion that the govt's Perspective in Education contains three ominous factors

1. Elitisation
2. Privatisation
3. Policisation

This trio will sound the death knell of all the little we gained in the field education during the last few years and ofcourse will leave unsolved various maladies that afflict it. It is a step back ward to strengthen the class inequities and caste discriminations that haunted our education for decides and centuries.

TABLE I

## *FACULTY - WISE* ENROLMENT OF GRADUATES AND POST – GRADUATES

### PERCENTAGES TO THE TOTAL

| Year | Arts | Science | Commerce | Eng&Tech. | Medicine | Education | Agriculture | Law | Veterinary | Others | Total |
|---|---|---|---|---|---|---|---|---|---|---|---|
| 1960-61 | 44. 9 | 30. 0 | 10. 2 | 3. 6 | 2. 7 | 1. 5 | 1. 3 | 2. 3 | 0. 5 | 3. 0 | 100 |
| 1964-65 | 42. 1 | 31. 3 | 9. 7 | 5. 2 | 4. 0 | 1. 9 | 2. 9 | 2. 1 | 0. 4 | 0. 5 | 100 |
| 1969-70 | 43. 7 | 32. 8 | 10. 6 | 3 5 | 3. 5 | 1. 8 | 1. 5 | 2. 0 | 0. 2 | 0. 4 | 100 |
| 1974-75 | 44. 6 | 19. 6 | 16. 5 | 3.8 | 4. 5 | 3. 3 | 1. 2 | 5. 7 | 0. 3 | 0. 5 | 100 |
| 1979-80 | 40. 6 | 19. 2 | 19. 5 | 4.5 | 4. 2 | 2. 8 | 1. 5 | 6. 7 | 0. 3 | 0. 7 | 100 |
| 1930-81 | 40. 5 | 19. 4 | 20. 1 | 4. 7 | 4. 0 | 2. 6 | 1. 4 | 6. 3 | 0. 3 | 0. 7 | 100 |
| 1981-82 | 40. 3 | 19. 6 | 21. 3 | 4. 4 | 3. 9 | 2. 4 | 1. 3 | 5. 9 | 0. 3 | 0. 6 | 100 |

TABLE II

### PERCENTAGE OF SC ENROLMENT

| year | All Education | Higher Education | |
|---|---|---|---|
| | | General | Protessional |
| 1964-65 | 10.8 | 5.5 | 4.3 |
| 1969-70 | 10. 6 | 5.8 | 5.1 |
| 1974-75 | 11. 0 | 7.8 | 5.7 |
| 1977-78 | 12. 6 | 7.7 | 6.8 |

(Paper presented in the Educational Seminar held on 7th March 1986 in connection with the XIIIth State Convention of AKPCTA at Trivandrum.)

# ദേശീയ വിദ്യാഭ്യാസനയം

പ്രൊഫ. ആർ. ആർ. സി. നായർ

"ഇന്ത്യയുടെ ഭാവി നമ്മുടെ ക്ലാസുമുറികളിൽ രൂപപ്പെട്ടുകൊണ്ടിരിക്കുന്നു". നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസ മേഖലയെയാകെ ബാധിക്കുന്ന പ്രശ്നങ്ങൾ വിശദമായി പഠിച്ച് ഘടനയിലും ഉള്ളടക്കത്തിലും വരുത്തേണ്ട മാററങ്ങളെപ്പററി സമഗ്രമായ നിർദേശങ്ങൾ സമർപ്പിച്ച കോഠാരി കമ്മീഷന്റെ റിപ്പോർട്ടിലെ (1966) ആമുഖവാചകമാണ് മുകളിൽ ഉദ്ധരിച്ചിട്ടുള്ളത്. ഏതൊരു രാജ്യത്തെസംബന്ധിച്ചും ഈ പ്രസ്താവന പൊതുവെ പ്രസക്തമാണ്. ഒരു രാഷ്ട്രത്തിന്റെ സാമൂഹ്യ രാഷ്ട്രീയ സാമ്പത്തിക ഘടനയേയും കൈവരിക്കേണ്ട ലക്ഷ്യങ്ങളേയും കുറിച്ച് വ്യക്തമായ രൂപം ഉണ്ടായിക്കഴിഞ്ഞാൽ അവിടേക്കെത്തിച്ചേരാനുള്ള പ്രവർത്തനങ്ങളാണ് വിദ്യാഭ്യാസം നിർവഹിക്കേണ്ടത്. സാമൂഹ്യലക്ഷ്യങ്ങൾ നേടിയെടുക്കാൻ ഉതകുന്നതായിരിക്കണം വിദ്യാഭ്യാസം. സ്വതന്ത്ര ഇന്ത്യയെ സംബന്ധിച്ചിടത്തോളം നമ്മുടെ സമൂഹത്തെക്കുറിച്ച്, അതിന്റെ ഘടനയെക്കുറിച്ച് നേടേണ്ട ലക്ഷ്യങ്ങളെക്കുറിച്ച് വ്യക്തമായ രൂപം ഇന്നു നമ്മുടെ ഭരണാധികാരികൾക്കില്ല എന്ന ദുസ്ഥിതിയുണ്ട്. മാറി മാറി വരുന്നവർ അവരവരുടെ നില നിൽപിനും താൽക്കാലിക നേട്ടങ്ങൾക്കും വേണ്ടി ഭാവനയുടെ നിറം പിടിപ്പിച്ച് ചില പ്രഖ്യാപനങ്ങൾ നടത്തുന്നു. യാതൊരു ആത്മാർത്ഥതയുമില്ലാതെ ചില നടപടികൾ എടുക്കുന്നു. പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു പകരം അവ കൂടുതൽ സങ്കീർണമായി മാറുന്നു. വീണ്ടും ഇതാവർത്തിക്കുന്നു. കഴിഞ്ഞ 39 വർഷങ്ങളായി എല്ലാരംഗങ്ങളിലും ഈ അനുഭവമാണ് നമുക്കുള്ളത്. വിദ്യാഭ്യാസ രംഗത്തെ സ്ഥിതിയും മറിച്ചല്ല.

രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിവന്നതോടെ കമ്പ്യൂട്ടറും മററ് ആധുനിക സാങ്കേതിക വിദ്യയും ഉപയോഗിച്ച് 21-ാം നൂററാണ്ടിലേക്കുള്ള ഇന്ത്യയുടെ കുതിച്ചുചാട്ടം ഉണ്ടാകണമെന്ന പ്രഖ്യാപനമാണ് നടത്തിയത്. 50%ത്തോളം ജനങ്ങൾ ഇവിടെ ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. എന്നാൽ നിരക്ഷരതയും പട്ടിണിയും തൊഴിലില്ലായ്മയും ദുരിതങ്ങളുംകൊണ്ട് നട്ടം തിരിയുന്ന ഈ ജനസാമാന്യത്തെ ഒററയടിക്ക് അത്യന്താധുനിക യുഗപ്പിറവിക്ക് സജ്ജമാക്കാനുള്ള പുറപ്പാടാണാരംഭിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായി കുത്തഴിഞ്ഞു കിടക്കുന്ന വിദ്യാഭ്യാസരംഗം അടിമുടി അഴിച്ചു പണിയാനാണെന്നു പറയുന്നു, ഒരു പുത്തൻ വിദ്യാഭ്യാസനയത്തിന്റെ കരടുരേഖയ്ക്ക് രൂപം നൽകി ചർച്ചയ്ക്കവതരിപ്പിച്ചിരിക്കുന്നത്. 'വിദ്യാഭ്യാസത്തിന്റെ വെല്ലുവിളികൾ— നയപരമായ പരിപ്രേക്ഷ്യം' എന്ന ആ കരടുരേഖയുടെ അന്തിമരൂപം ഇപ്പോഴത്തെ പാർലമെന്റ് സമ്മേളനത്തിൽ തന്നെ പുതിയ വിദ്യാഭ്യാസ നയമായി രൂപപ്പെടുത്തി പ്രഖ്യാപിക്കാൻ പോവുകയാണ്. രേഖയെക്കുറിച്ച് വിവിധ തലങ്ങളിൽ നടത്തിയ ചർച്ചകളൊന്നുംതന്നെ ഫലപ്രദമായിരുന്നില്ലെന്ന പരാതി പരക്കെയുണ്ട്. യാഥാർത്ഥ്യബോധമോ, വേണ്ടത്രകരുതലുകളോ, അവധാനതയോ ഇല്ലാതെ ആവിഷ്ക്കരിക്കാൻ പോകുന്ന പുതിയ വിദ്യാഭ്യാസനയം പ്രശ്നങ്ങളെ കൂടുതൽ സങ്കീർണമാക്കാനും രാജ്യത്തിന്റെ ഭാവിതന്നെ അപകടപ്പെടുത്തുവാനുമാണ് സാദ്ധ്യത.

നമ്മുടെ വിദ്യാഭ്യാസരംഗത്തു വരുത്തേണ്ട മാററങ്ങളെപ്പററി ആലോചിക്കുമ്പോൾ ഏററവും പ്രാധാന്യം കൊടുത്ത് ചർച്ചചെയ്യേണ്ട പ്രശ്നം നിരക്ഷരതയാണ്. ഇന്ത്യയ്ക്ക് രാഷ്ട്രീയ സ്വാതന്ത്ര്യം കിട്ടിയിട്ട് 38 കൊല്ലം കഴിഞ്ഞെങ്കിലും 70 കോടിയിലധികം വരുന്ന ജന

ങ്ങളിൽ 64 ശതമാനത്തോളം ഇന്നും നിരക്ഷരരാണ്. 1981ലെ സെൻസസനുസരിച്ച് പുരുഷന്മാരുടെ ശരാശരി നിരക്ഷരതാ നിരക്ക് 46.9 ശതമാനവും സ്ത്രീകളുടേത് 24.8ഉം ആണ്. പ്രാദേശികമായ കണക്ക് പരിശോധിക്കുമ്പോൾ മറ്റെല്ലാരംഗങ്ങളിലുമെന്നപോലെ സാക്ഷരതയുടെ കാര്യത്തിലും വ്യക്തമായ അസന്തുലിതാവസ്ഥ കാണുന്നു. കേരളമാണ് ഏററവും കുറഞ്ഞ നിരക്ഷരതയുള്ള സംസ്ഥാനം - 29.6 ശതമാനം. നിരക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്നത് 75.6 ശതമാനമുള്ള രാജസ്ഥാനാണ്. അവിടെ സ്ത്രീകളിൽ 94.5 ശതമാനംപേർ നിരക്ഷരരാണ്. പട്ടികജാതിക്കാരുടെ നിരക്ഷരതാശതമാനം 78.6 ആണെങ്കിൽ പട്ടികവർഗക്കാരുടേത് 83.6 ശതമാനമാണ്. കഴിഞ്ഞ സെൻസസ് അനുസരിച്ച് ആകെയുള്ള 68.5 കോടി ജനങ്ങളിൽ ബഹുഭൂരിപക്ഷം വരുന്ന 43 കോടി ആളുകൾ നിരക്ഷരരാണ്. ഈ നില തുടർന്നാൽ, ലോകബാങ്കിന്റെ കണക്കനുസരിച്ച്, 2000 മാണ്ടാകുമ്പോൾ ലോകത്തെ 15-19 പ്രായക്കാരിൽ നിരക്ഷരരായുള്ളവരുടെ 54.8 ശതമാനം ഇന്ത്യയിലായിരിക്കും. ഏററവും അധികം നിരക്ഷരകുള്ള രാഷ്ട്രമെന്ന 'ബഹുമതി'യായിരിക്കും 21-ാം നൂററാണ്ടിന്റെ പിറവിയോടെ നമുക്ക് നേടാൻ കഴിയുക, നിരക്ഷരത എത്ര ബൃഹത്തും ഭീകരവുമായ പ്രശ്നമായി വളർന്നിരിക്കുന്നുവെന്ന് ഈ കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. നമുക്കുശേഷം സ്വാതന്ത്ര്യം നേടിയ 100 കോടി ജനസംഖ്യയുള്ള ജനകീയ ചൈനയുൾപ്പെടെ പല രാഷ്ട്രങ്ങളും 100 ശതമാനമോ അതിനടുത്തോ സാക്ഷരത കൈവരിച്ചിട്ടുണ്ട് എന്ന വസ്തുതകൂടി കണക്കിലെടുക്കുമ്പോൾ നമ്മുടെ ഭരണാധികാരികൾ വച്ചു പുലർത്തുന്ന വികലമായ കാഴ്ചപ്പാടും ആത്മാർത്ഥതയില്ലായ്മയും ബോധ്യമാകും.

1950-ൽ പ്രാബല്യത്തിൽ വന്ന നമ്മുടെ ഭരണഘടനയിലെ നിർദേശക തത്വങ്ങളനുസരിച്ച് 10 കൊല്ലത്തിനുള്ളിൽ, അതായത് 1960 ഓടുകൂടി 6 മുതൽ 14 വയസുവരെയുള്ള എല്ലാ കുട്ടികൾക്കും നിർബന്ധിതവും സൗജന്യവുമായ പ്രാഥമിക വിദ്യാഭ്യാസം നൽകേണ്ടിയിരുന്നതാണ്. 1960 ൽ അത് നടന്നില്ലെന്നുള്ളതോ പോകട്ടെ, ഇപ്പോഴും ആ ലക്ഷ്യത്തിൽ നിന്ന് അകലെയാണ് നമ്മൾ എന്ന യാഥാർത്ഥ്യം കണക്കിലെടുത്ത് നിരക്ഷരതാ പ്രശ്നപരിഹാരത്തിന് പ്രായോഗിക നിർദേശങ്ങൾ പ്രതീക്ഷിച്ചവരെ നിരാശപ്പെടുത്തുന്നതാണ് പുതിയ വിദ്യാഭ്യാസരേഖ. ഭരണഘടനാപരമായ ബാദ്ധ്യത നിറവേററാനുള്ള പരിപാടികളൊന്നും ഇതിലില്ല.

സ്വാതന്ത്ര്യ സമ്പാദനത്തിനു ശേഷം വിദ്യാഭ്യാസ രംഗത്ത് മാററങ്ങളൊന്നുമുണ്ടായിട്ടില്ല എന്നല്ല ഇതിനർത്ഥം. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം 2.3 ലക്ഷത്തിൽനിന്ന് 6.9 ലക്ഷമായി ഉയർന്നു ഇവയിൽ 73 ശതമാനത്തോളം പ്രൈമറി സ്കൂളുകളാണ്. വിദ്യാർഥികളുടെ എണ്ണം 1950–51ൽ 2.8 കോടി ആയിരുന്നത് 1982-83 ൽ 11.4 കോടിയായി ഉയർന്നിട്ടുണ്ട്. നിരക്ഷരതാ നിർമ്മാർജനം പ്രായോഗികമായി നേടണമെങ്കിൽ നിർദിഷ്ടവയ പരിധിയിലുള്ള എല്ലാ കുട്ടികൾക്കും സാർവ്വത്രികവും സൗജന്യവുമായ പ്രാഥമിക വിദ്യാഭ്യാസം സ്കൂളിൽ ചേർന്നശേഷം പഠിത്തം നിർത്തി 'കൊഴിഞ്ഞു' പോകേണ്ടിവരുന്നവർക്കായി അനൗപചാരിക വിദ്യാഭ്യാസവും സ്കൂൾ വിദ്യാഭ്യാസത്തിനുള്ള ഭാഗ്യം ലഭിക്കാത്ത പ്രായമുള്ളവർക്കായി വയോജന വിദ്യാഭ്യാസവും നൽകാനുള്ള കൃത്യമായ സംവിധാനം ഏർപ്പെടുത്തണം. നമ്മുടെ രാജ്യത്തെ ഇപ്പോഴുള്ള വിദ്യാലയങ്ങളുടെ ശോചനീയമായ നില വിശദമാക്കുന്ന കണക്കുകൾ വിദ്യാഭ്യാസത്തിന്റെ കരടുരേഖയിൽ തന്നെ ചേർത്തിട്ടുണ്ട്. പല വിദ്യാലയങ്ങളിലും അവശ്യം വേണ്ട സൗകര്യങ്ങൾ നിലവിലില്ല. 1978 ലെ നാലാമത് അഖിലേന്ത്യാ വിദ്യാഭ്യാസ സർവെയിൽ ശേഖരിച്ച കണക്കനുസരിച്ച് 9 ശതമാനം പ്രൈമറി സ്കൂളുകൾക്ക് കെട്ടിടങ്ങളില്ല. അവയിൽ 18.5 ശതമാനം ബീഹാറിലും 16.5 ശതമാനം ഉത്തർപ്രദേശിലും 12.6 ശതമാനം ഒറീസ്സയിലുമാണ്. അഖിലേന്ത്യാതലത്തിൽ 41.5 ശതമാനം സ്കൂളുകളിൽ ബ്ളാക്ക്ബോർഡ്കളില്ല.; 53.4 ശതമാനം സ്കൂളുകളിൽ കളിസ്ഥലവും 72 ശതമാനം സ്കൂളുകളിൽ ലൈബ്രറി സൗകര്യങ്ങളുമില്ല. ബ്ളാക്ക്ബോർഡിന്റെ കാര്യത്തിൽ ആസ്സാമിലെ സ്ഥിതി വളരെ കഷ്ടമാണ്. അവിടത്തെ 80 ശതമാനം സ്കൂളുകൾ ബ്ളാക്ക്ബോർഡുകളില്ലാതെയാണ് പ്രവർ

ത്തിക്കുന്നത്. പല സംസ്ഥാനങ്ങളിലും കുടിവെള്ളത്തിനുള്ള സൗകര്യങ്ങൾ പോലും ഏർപ്പെടുത്താത്ത വിദ്യാലയങ്ങളുണ്ട്. ഉദാഹരണത്തിന് മദ്ധ്യപ്രദേശിലെ 21 ശതമാനം ഗ്രാമീണ സ്കൂളുകളിലേ കുടിവെള്ളം ലഭിക്കുന്നുള്ളൂ. വേണ്ടത്ര അദ്ധ്യാപകരില്ലാത്ത സ്കൂളുകൾ നിരവധിയാണ്. 35 ശതമാനം പ്രൈമറി സ്കൂളുകളിൽ മൂന്നോ നാലോ ക്ലാസ്സ് ഡിവിഷനുകൾക്കു കൂടി ഒരദ്ധ്യാപകൻ മാത്രമേയുള്ളൂ. ഇത്തരം പരാധീനതകൾ ഹൈസ്കൂളുകളിലും ഹയർ സെക്കൻററി സ്കൂളുകളിലും പോലും നിലനിൽക്കുന്നു. 89 ശതമാനം പ്രൈമറിസ്കൂളുകളിലും 70 ശതമാനം മിഡിൽ സ്കൂളുകളിലും 27 ശതമാനം ഹൈസ്ക്കൂളുകളിലും 10 ശതമാനം ഹയർ സെക്കൻററി സ്കൂളുകളിലും മൂത്രപ്പുരകളോ കക്കൂസുകളോ ഇല്ലാത്ത ദുരവസ്ഥയുണ്ടെന്നാണ് 1978 ലെ വിദ്യാഭ്യാസ സർവെ വരച്ചുകാട്ടുന്ന ഞെട്ടിപ്പിക്കുന്ന ദൃശ്യം. "തികച്ചും മോശപ്പെട്ട ഈ നില മാററാനായിരിക്കണം വിദ്യാഭ്യാസാസൂത്രണത്തിൽ മുൻഗണനനൽകേണ്ടതെന്ന്," പുതിയ വിദ്യാഭ്യാസ രേഖ ചൂണ്ടിക്കാണിക്കുന്നുണ്ടെങ്കിലും ആ വിധത്തിലുള്ള യാതൊരു പരിഗണനയും പുതിയ വിദ്യാഭ്യാസനയത്തെ സംബന്ധിച്ച നിർദേശങ്ങൾ അവതരിപ്പിക്കുന്നിടത്തെങ്ങും നൽകിയിട്ടില്ല. ഇത് രേഖ തയ്യാറാക്കിയവരുടെ ലക്ഷ്യത്തേയും ആത്മാർത്ഥതയേയും കുറിച്ച് വളരെയേറെ സംശയം ജനിപ്പിക്കുന്നു.

സാമ്പത്തികാസൂത്രണത്തിലൂടെ പിന്നിട്ടുപോന്ന മൂന്നരപതിററാണ്ടുകാലത്തെ സ്ഥിതി അവലോകനം ചെയ്യുമ്പോൾ വിദ്യാഭ്യാസരംഗത്തെ ചെലവ് വർദ്ധിച്ചിട്ടുണ്ടെന്ന് കാണാം. 1950-51ൽ മൊത്തം വിദ്യാഭ്യാസചെലവ് 114.3 കോടി ആയിരുന്നത് 1976-77ൽ 2304.16 കോടി രൂപയായും 1982-83ൽ 5186 കോടി രൂപയായും വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ഇന്ത്യയിലെ നിരക്ഷരരുടെ അമ്പരിപ്പിക്കുന്ന എണ്ണം, ഭരണഘടന നൽകുന്ന സാർവ്വത്രികമായ പ്രാഥമിക വിദ്യാഭ്യാസമെന്ന പ്രതിജ്ഞ, നിലവിലുള്ള വിദ്യാലയങ്ങളിലെ സൗകര്യങ്ങളുടെ അപര്യാപ്തത, നമ്മുടെ രാജ്യത്തെ ഭൂരിപക്ഷം ജനങ്ങളനുഭവിക്കുന്ന ദാരിദ്ര്യം, അന്ധവിശ്വാസവും അനാചാരങ്ങളും സ്വാധീനം ചെലുത്തുന്ന ഒരു സമൂഹത്തെ ശാസ്ത്രബോധവും ശാസ്ത്രീയ വീക്ഷണവും ഉള്ളവരാക്കാൻ ഉതകുന്ന വിദ്യാഭ്യാസം നൽകി സമൂഹത്തെയാകെ നവീകരിച്ച് ഉൽപ്പാദന പ്രക്രിയയിലും സാമ്പത്തിക വികസനത്തിലും പങ്കാളികളാക്കേണ്ടതിന്റെ ആവശ്യകത-എന്നിവയൊക്കെ പരിഗണിക്കുമ്പോൾ വിദ്യാഭ്യാസത്തിന് നാം ചെലവഴിച്ചുകൊണ്ടിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് കാണാം. മൊത്തം ദേശീയ വരുമാനത്തിന്റെ 3 ശതമാനത്തോളമേ പ്രതിവർഷം നമ്മുടെ രാജ്യത്ത് വിദ്യാഭ്യാസത്തിനായി ചെലവിടുന്നുള്ളൂ. ഇത് 6 ശതമാനമെങ്കിലുമായി വർദ്ധിപ്പിക്കണമെന്നായിരുന്നു 1966 ലെ കോഠാരി കമ്മീഷന്റെ ശുപാർശ. മററു പല രാജ്യങ്ങളും മൊത്ത ദേശീയ വരുമാനത്തിന്റെ 8 മുതൽ 10 ശതമാനം വരെ വിദ്യാഭ്യാസച്ചെലവിനായി നീക്കി വെയ്ക്കുന്നുണ്ട്. ഇന്ത്യയേക്കാൾ കുറഞ്ഞ ശതമാനം ചെലവിടുന്ന 3 രാഷ്ട്രങ്ങളേയുള്ളൂ-ബർമ്മയും-പാക്കിസ്ഥാനും-അഫ്ഗാനിസ്ഥാനും എന്ന് വിദ്യാഭ്യാസരേഖയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഓരോ പദ്ധതിക്കാലത്തും വിദ്യാഭ്യാസത്തിനായി ചെലവിട്ട തുകയിൽ തന്നെ ബഹുജന വിദ്യാഭ്യാസത്തിന് അടിത്തറപാകേണ്ട പ്രൈമറി വിദ്യാഭ്യാസത്തിന്റെ വിഹിതം കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്.

ഒന്നാം പഞ്ചവൽസരപദ്ധതിക്കാലത്ത് വിദ്യാഭ്യാസത്തിനായി മൊത്തം ചെലവഴിച്ച തുകയിൽ 55 ശതമാനം പ്രാഥമിക വിദ്യാഭ്യാസത്തിനായിരുന്നെങ്കിൽ 6.ാം പദ്ധതിയായപ്പോൾ അത് 36 ശതമാനമായികുറഞ്ഞു. അതേസമയം യൂണിവേഴ്സിററി വിദ്യാഭ്യാസത്തിന്റെ വിഹിതം ഒന്നാം പദ്ധതിയിൽ നിന്നും ആറാം പദ്ധതിയിൽ എത്തിയപ്പോൾ 9 ശതമാനത്തിൽ നിന്ന് 16 ശതമാനമായി വർദ്ധിച്ചു. അടിയന്തിരാവസ്ഥക്കാലത്ത് വിദ്യാഭ്യാസം കൺകറൻറ് ലിസ്ററിലേക്ക് മാററിയെങ്കിലും ചെലവിന്റെ 70 ശതമാനവും ഇപ്പോഴും സംസ്ഥാനങ്ങളാണ് വഹിക്കുന്നത്. കേന്ദ്രബജററിൽ മൊത്തം ചെലവിന്റെ ഒരു ശതമാനത്തോളമേ വിദ്യാഭ്യാസത്തിനായി ചെലവഴിക്കുന്നുള്ളൂ. (ഇപ്പോൾ പാർലമെൻറിൽ അവതരി

പ്പിച്ചിരിക്കുന്ന 1986-87 ലെ കേന്ദ്ര ബജററിലെ മൊത്തം ചെലവ് 52,862 കോടി രൂപയാണ്. അതിൽ വിദ്യാഭ്യാസത്തിൻെറ വിഹിതം 661 കോടിയാണ്) ഇതിൻെറ ഫലമായി സംസ്ഥാനങ്ങളുടെ വീക്ഷണഗതിയും വിവേചനശേഷിയുമനുസരിച്ച് വിവിധ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസപുരോഗതിയും വ്യത്യസ്ഥമാണെന്നു കാണാം. 1982-83 ൽ വിദ്യാഭ്യാസത്തിനായുള്ള അഖിലേന്ത്യാടിസ്ഥാനത്തിലുള്ള ശരാശരി ചെലവ് 68.2 രൂപയായിരുന്നു. ആ വർഷത്തിൽ കേരളത്തിലെ പ്രതിശീർഷ വിദ്യാഭ്യാസ ചെലവ് 119.5 രൂപയും പഞ്ചാബിലേത് 100 രൂപയും ഉത്തർപ്രദേശിൽ 40.5 രൂപയും മദ്ധ്യപ്രദേശിൽ 49.4 രൂപയും ബീഹാറിൽ 51.2 രൂപയും ആയിരുന്നു.

സാർവത്രികമായ വിദ്യാഭ്യാസമെന്ന ഭരണഘടനയിലെ വാഗ്ദാനം അടുത്തെങ്ങും നിറവേററാൻ കഴിയാത്ത സ്ഥിതിയാണ് നമ്മുടെ പ്രൈമറി-മിഡിൽ സ്കൂൾ രംഗത്ത് നിലനില്കുന്നത്. ഇതിന് ഉപോൽബലകമായ സംസാരിക്കുന്ന സ്ഥിതി വിവരക്കണക്കുകൾ രേഖയിൽ നിരത്തി വച്ചിട്ടുണ്ട്. 1990-ൽ എങ്കിലും ഈ ലക്ഷ്യം കൈവരിക്കണമെങ്കിൽ കുറഞ്ഞത് 3200 കോടി രൂപയെങ്കിലും 1990-91 ലേയ്ക്ക് കണ്ടെത്തേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇത്ര വലിയ തുക സംഭരിക്കാൻ കഴിയില്ലെന്ന് ഭംഗ്യന്തരേണ സൂചിപ്പിച്ചതിനുശേഷം പകരം 'അംഗനവാടിയിലൂടെ വിദ്യാഭ്യാം' എന്ന നിർദേശം പരിഗണനയ്ക്കായി അവതരിപ്പിച്ചിട്ടുണ്ട്. കൂടാതെ റേഡിയോ, ടെലിവിഷൻ തുടങ്ങിയ മാദ്ധ്യമങ്ങളിലൂടെ അനൗപചാരിക വിദ്യാഭ്യാസരീതി പ്രയോജനപ്പെടുത്തേണ്ടതുണ്ടെന്നും പറഞ്ഞുവച്ചിട്ടുണ്ട്. യോഗ്യതയുള്ള അധ്യാപകരോ, കെട്ടിടമോ, സ്കൂളുകൾക്കുവേണ്ട ഉപകരണങ്ങളോ ഒന്നും കൂടാതെ പ്രാഥമിക വിദ്യാഭ്യാസത്തിന് കുറഞ്ഞ ചെലവിൽ ഒരു കുറുക്കുവഴി കണ്ടുപിടിച്ചിരിക്കുന്നു! ഔപചാരിക വിദ്യാഭ്യാസത്തിനു പകരം പ്രയോജനപ്പെടുത്താവുന്ന ഒന്നല്ല അനൗപചാരിക വിദ്യാഭ്യാസ സമ്പ്രദായം. അനൗപചാരിക വിദ്യാഭ്യാസത്തിന് ഔപചാരിക വിദ്യാഭ്യാസത്തിനെ സഹായിക്കാൻ കഴിഞ്ഞേക്കും. പ്രാഥമിക സ്കൂൾ വിദ്യാഭ്യാസത്തിനിടയ്ക്ക് കൊഴിഞ്ഞുപോകുന്നവർ 77 ശതമാനം വരുന്നുണ്ട്. അവർക്കും, സ്കൂൾവിദ്യാഭ്യാസമേ ലഭിക്കാത്ത പ്രായമായവർക്കും വയോജന വിദ്യാഭ്യാസത്തിൻെറ ഭാഗമായി സാമാന്യ വിജ്ഞാനം പകരുന്നതിനും ഒരു പരിധിവരെ അനൗപചാരിക വിദ്യാഭ്യാസം പ്രയോജനപ്പെടുത്താം. അതല്ലാതെ ടെലിവിഷൻ, റേഡിയോ മാദ്ധ്യമങ്ങൾ വഴി 'വിദൂരതയിൽ നിന്നുള്ള വിദ്യാഭ്യാസ'ത്തിലൂടെ നിരക്ഷരതമാററാനും പ്രാഥമിക വിദ്യാഭ്യാസംനൽകാനും കഴിയുംഎന്ന ധാരണ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നതുതന്നെ മിതമായ ഭാഷയിൽ പറഞ്ഞാൽ വഞ്ചനയാണ്. സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാത്തോടുള്ള പ്രതിബദ്ധതയും ഉത്തരവാദിത്വവും പുതിയ നയ പ്രഖ്യാപനത്തോടെ ഉപേക്ഷിക്കും എന്നാണിതിൻെറ അർത്ഥം. ഇതു യാദൃശ്ചികമല്ല, ബോധപൂർവ്വമായ നയത്തിൻെറ ഭാഗമാണ്.

ഇന്ത്യൻ ജനതയുടെ നാലിൽ മൂന്നു ഭാഗം ഗ്രാമങ്ങളിലാണ് ജീവിക്കുന്നത്. നമ്മുടെ മൊത്തം ഗ്രാമീണജനതയുടെ 40 ശതമാനംപേർ ഉത്തർ പ്രദേശ്, മദ്ധ്യപ്രദേശ്. ബീഹാർ, രാജസ്ഥാൻ എന്നീ നാലു സ്റേററുകളിലാണെന്ന് കണക്കുകൾ കാണിക്കുന്നു. ഈ നാലു സ്റേററുകളിലും 28 ശതമാനത്തിൽ താഴെ സാക്ഷരതയേയുള്ളു. സ്ത്രീകളുടെ സാക്ഷരത 10 ശതമാനത്തിൽ താഴെയാണ്. ഈ സംസ്ഥാനങ്ങളിലെ പ്രാഥമിക വിദ്യാലയങ്ങളുടെ പരിതാപകരമായ അവസ്ഥ അന്യത്ര വിവരിച്ച കണക്കുകളിൽ നിന്ന് മനസിലാക്കാം. ഇതോടൊന്നിച്ച്, മൊത്തം ലോകസഭാംഗങ്ങളുടെ 38 ശതമാനം വരുന്ന 204 അംഗങ്ങളെയാണ് ഈ നാലു സംസ്ഥാനങ്ങളും കൂടെ തെരഞ്ഞെടുത്തയയ്ക്കുന്നതെന്ന കണക്കുകൂടെ ചേർത്തു വായിക്കുമ്പോഴാണ് നമ്മുടെ ഭരണാധികാരികളുടെ വിദ്യാഭ്യാസ നയത്തിൻെറ 'രാഷ്ട്രീയം' വ്യക്തമാകുന്നത്. അതോടൊപ്പം പലരും കൊട്ടിഘോഷിക്കാറുള്ള നമ്മുടെ ജനാധിപത്യത്തിൻെറ പൊള്ളത്തരവും.

സാർവ്വത്രികപ്രാഥമിക വിദ്യാഭ്യാസം യാഥാർത്ഥ്യമാകണമെങ്കിൽ 6-13 വയസിലുള്ള എല്ലാ കുട്ടികളേയും സ്കൂളിലേക്ക് ആകർഷിക്കാനും അവരെ പരമാവധി കൊഴിഞ്ഞുപോ

കാതെ നിലനിർത്താനും വേണ്ട ഒരു കർമ്മപരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കണം. ആദ
മായി അത്യാവശ്യം ഒരു വിദ്യാലയത്തിനു വേണ്ട ഭൗതികസൗകര്യങ്ങളോടെ വേണ്ടത്ര സ്കൂ
ളുകൾ സ്ഥാപിക്കണം. അതോടൊപ്പം ഭക്ഷണം, പുസ്തകങ്ങൾ, യൂണിഫോം തുടങ്ങിയവ
സൗജന്യമായി നൽകാനുള്ള സംവിധാനമുണ്ടാകണം. എങ്കിലേ സ്കൂളുകളിൽ വിദ്യാർത്ഥി
കൾ ചേരാനും ചേർന്നവർക്ക് തുടർന്നു പഠിക്കാനും പ്രചോദനമുണ്ടാകൂ. ഈ വിധത്തിലുള്ള
പ്രായോഗിക പരിഗണന പ്രാഥമിക വിദ്യാഭ്യാസത്തിന് നൽകാൻ ശ്രമിച്ചിട്ടില്ല എന്നതാണ്
രേഖയുടെ ഏററവും വലിയ പോരായ്മ.

## മോഡൽ സ്കൂളുകൾ

ബഹുജനവിദ്യാഭ്യാസം എന്ന സങ്കല്പം പ്രായോഗികമായി അപ്രാപ്യമാക്കുന്നതോ
ടൊപ്പം, വരേണ്യവിദ്യാഭ്യാസം അരക്കിട്ടുറപ്പിക്കുന്ന വിധം ജില്ലതോറും ഓരോ മോഡൽ
സ്കൂൾ എന്ന ആശയം രേഖ അവതരിപ്പിച്ചിട്ടുണ്ട്. മെച്ചപ്പെട്ട യോഗ്യതകളുള്ള അദ്ധ്യാ
പകരും കംപ്യൂട്ടർ ഉൾപ്പെടെ എല്ലാവിധ ആധുനികസജ്ജീകരണങ്ങളുമുള്ള 'അത്യുത്തമകേന്ദ്ര'
ങ്ങൾ ആയിരിക്കും അവ. ഈ നിർദ്ദേശം നടപ്പിലാക്കുന്നതിൽ വിട്ടുവീഴ്ച ഉണ്ടാവി
ല്ലെന്ന് ബോദ്ധ്യപ്പെടുത്താൻ എന്നോണം പാർലമെൻറിൽഅവതരിപ്പിച്ചിരിക്കുന്ന 1886-87ലെ
ബജററിൽ മോഡൽ സ്കൂൾ തുടങ്ങാൻ വേണ്ട തുക വക കൊള്ളിച്ചിട്ടുണ്ട്. നയരൂപീക
രണത്തിനു മുൻപുതന്നെ അതു നടപ്പാക്കാനുള്ള വിഭവശേഷിയും കണ്ടെത്തികഴിഞ്ഞിരി
ക്കുന്നു. സമൂഹത്തിലെ പ്രതിഭാശാലികളെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുകയാണ്
മോഡൽ സ്കൂളുകളുടെ ഉദ്ദേശ്യം എന്നു പറയുന്നു. യോഗ്യത നിർണയിക്കാൻ നടത്തുന്ന
ഒരു പരീക്ഷയുടെ അടിസ്ഥാനത്തിൽ ആയിരിക്കും പ്രവേശനം. അക്കാദമിക് അന്തരീക്ഷം
ഒന്നുമില്ലാത്ത വീടുകളിൽ നിന്നും വരുന്ന ദരിദ്രരും നിരക്ഷരരുമായ രക്ഷിതാക്കളുടെ
മക്കൾ എല്ലാ ഭൗതികസൗകര്യങ്ങളും സ്വാധീനങ്ങളുമുള്ള സമ്പന്നരുടെ കുട്ടികളുമായി
മോഡൽ സ്കൂൾ പ്രവേശന പരീക്ഷയിൽ മത്സരിച്ചാൽ വിജയിക്കുന്നത് അതായിരി
ക്കുമെന്നത് ഊഹിക്കാവുന്നതേയുള്ളു. 'ഡൂൺസ്കൂൾ' തുടങ്ങിയ പബ്ലിക് സ്കൂൾ
മോഡലിൽ രൂപപെടുത്തുന്ന ഈ സ്കൂളുകൾ കാർഷികരംഗത്ത് സർക്കാർ നൽകുന്ന
വിവിധ ആനുകൂല്യങ്ങൾ നേടിയെടുത്ത് ഹരിതവിപ്ലത്തിൻെറ യഥാർത്ഥ ഗുണഭോക്താ
ക്കളായി മാറിയ നാട്ടിൽ പുറങ്ങളിലെ കർഷകപ്രഭുക്കളുടെ കുട്ടികൾക്കും സൗകര്യപ്രദമായി
വരേണ്യ വിദ്യാഭ്യാസം നേടാൻ വേണ്ടിയുള്ളതായിരിക്കും എന്നാണ് മനസ്സിലാക്കേണ്ടത്.
എന്നുമാത്രമല്ല, മോഡൽ സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞു വരുന്നവർക്കായി ഉപരിവിദ്യാ
ഭ്യാസത്തിന് 'ഉൽകൃഷ്ടസ്ഥാപനങ്ങളായ' ഓട്ടോണമസ് കോളേജുകളും ഒരുക്കാൻ
പോകുന്നുണ്ട്.

അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ സാർവത്രിക വിദ്യാഭ്യാസം എന്ന നയം മൂലം
ഫലത്തിൽ ഔപചാരിക വിദ്യാഭ്യാസം പോലും നിഷേധിക്കപ്പെടാൻ പോകുന്ന നിരക്ഷരരും
പാവപ്പെട്ടവരുമായ ബഹുഭൂരിപക്ഷം ഒരു വശത്തും, മറുവശത്ത് എല്ലാ സൗകര്യങ്ങളോടും
കൂടിയ 'മഹനീയസ്ഥാപന' ങ്ങളിൽ നിന്ന് പുറത്തു വരുന്ന പ്രത്യേക സംസ്ക്കാരവും
കാഴ്ചപ്പാടും ഉൾക്കൊണ്ട സമ്പന്ന സന്തതികളും എന്ന നിലയിൽ നമ്മുടെ സമൂഹത്തെ
രണ്ടു തട്ടിലാക്കുന്ന ഒരു വിദ്യാഭ്യാസ രീതിയായിരിക്കും പുതിയ നയത്തിൻെറ പരിണതഫലം.
ഉപരിവർഗത്തിന് വരേണ്യ വിദ്യാഭ്യാസം നൽകി അവരെ ബഹുജനങ്ങളിൽ നിന്ന് അകററി
നിർത്തനുള്ള കാഴ്ചപ്പാടോടെ കൊളോണിയൽ യജമാനന്മാർ ബ്രിട്ടണിൽ നിന്ന് ഇന്ത്യ
യിലേക്ക് പകർത്തിയ പബ്ലിക് സ്കൂൾ സമ്പ്രദായത്തിൻെറ നാടൻ പതിപ്പാണ് മോഡൽ
സ്കൂളുകളും ഓട്ടോണമസ് കോളേജുകളും. വരേണ്യ വർഗ്ഗതാൽപര്യം സംരക്ഷിക്കുക
എന്ന കുൽസിത ലക്ഷ്യം പുതിയ വിദ്യാഭ്യാസ നയത്തിൽ ഉടനീളം മുഴച്ചു നിൽക്കുന്നു.

## അദ്ധ്യയന മാധ്യമം

വിദ്യാഭ്യാസ നയ രേഖയിൽ അദ്ധ്യയന മാധ്യമത്തെക്കുറിച്ച്—പ്രത്യേകിച്ച് കോളനി വാഴ്ചക്കാലത്ത് ഇംഗ്ലീഷ് മാധ്യമമായ ഒരു വിദ്യാഭ്യാസ സംവിധാനം നിലനിന്നുപോന്നതും, വിവിധ ഭാഷകൾ സംസാരിക്കുന്ന ജനവിഭാഗങ്ങൾ ഉൾക്കൊള്ളുന്നതുമായ നമ്മുടെ രാജ്യത്ത്—അഭിപ്രായ പ്രകടനങ്ങളോ, പ്രത്യേക നിർദേശങ്ങളോ പരാമർശ വിധേയമായിട്ടില്ല എന്നത് വളരെ ഖേദകരമാണ്. അധ്യയന മാധ്യമം എല്ലാ തലത്തിലും മാതൃഭാഷയോ പ്രാദേശിക ഭാഷയോ ആയിരിക്കണമെന്ന് അസന്നിഗ്ദ്ധമായി കോഠാരി കമ്മീഷൻ 1966-ൽ ശുപാർശ ചെയ്തിരുന്നു. ആ ശുപാർശ അംഗീകരിച്ചുകൊണ്ട് 1968-ലെ വിദ്യാഭ്യാസനയ പ്രഖ്യാപനത്തിൽ ഇങ്ങനെ പറയുന്നു ''വിദ്യാഭ്യാസത്തിന്റെ പ്രൈമറി-സെക്കൻററി തലങ്ങളിൽ അദ്ധ്യയന മാധ്യമമായി ഉപയോഗിച്ചു വരുന്നത് പ്രാദേശിക ഭാഷകളാണ്. യൂണിവേഴ്സിററി തലത്തിലും അവ മാധ്യമമായി ഉപയോഗിക്കുന്നതിന് അടിയന്തര നടപടികൾ കൈക്കൊള്ളണം''. ആ പ്രഖ്യാപനം കടലാസിൽ ഒതുങ്ങി എന്നതാണ് നമ്മുടെ അനുഭവം. ലോകത്തെമ്പാടും പ്രശസ്തരായ വിദ്യാഭ്യാസ പ്രവർത്തകരെല്ലാം തന്നെ അഭിപ്രായപ്പെട്ടിട്ടുള്ളതാണ് വിദ്യാഭ്യാസം എല്ലാതലത്തിലും മാതൃഭാഷയിലൂടെ എന്ന തത്വം. ശാസ്ത്രസാങ്കേതിക രംഗത്ത് മുന്നണിയിൽ നിൽക്കുന്ന സോവിയററ് റഷ്യ, പടിഞ്ഞാറൻ ജർമ്മനി തുടങ്ങിയ ബഹുഭൂരിപക്ഷം രാജ്യങ്ങളിലും, വിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ടങ്ങളിലും മധ്യമമായി മാതൃഭാഷ ഉപയോഗിക്കുമ്പോൾ, ഇന്ത്യൻ ഭരണാധികാരികൾ ബോധപൂർവം മാതൃ-പ്രാദേശിക ഭാഷകളെ അവഗണിച്ച് അന്യഭാഷയായ ഇംഗ്ലീഷിനെ ആശ്രയിക്കുന്ന സ്ഥിതിവിശേഷം തുടരുമെന്നാണ് രേഖയിലെ ഈക്കാര്യത്തിലുള്ള മൗനത്തിന്റെ അർത്ഥം. എന്തിന്, വിദ്യാഭ്യാസത്തിന്റെ നിലവാരത്തിന്റെ ഉയർച്ചയേയും തളർച്ചയേയും അളക്കുന്നതിന് വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് പരിജ്ഞാനം മാനദണ്ഡമായി ഉപയോഗിക്കുന്ന ഘട്ടം വരെ നമ്മുടെ ഇംഗ്ലീഷ് പ്രേമം ചെന്നെത്തിയിരിക്കുന്നു. പുതുതായി സ്ഥാപിക്കാൻ പോകുന്ന മോഡൽ സ്ക്കൂളുകളിൽ അധ്യയന മാധ്യമം എന്ന നിലയിൽ ചില വിഷയങ്ങൾക്ക് ഇംഗ്ലീഷും മററു ചിലവയ്ക്ക് ഹിന്ദിയും ആയിരിക്കണമെന്നാണ് പുതിയ രേഖയിലെ നിർദേശം 1968-ലെ ദേശീയ വിദ്യാഭ്യാസ നയത്തിൽ നിന്ന് പുറകോട്ടുപോകലാണ് ഇത്. വിദ്യാഭ്യാസം പരിമിതമായ ഒരു വിഭാഗത്തിൽ ഒതുക്കാനും അതിന്റെ ബഹുജന അടിത്തറ തകർക്കാനുമുള്ള വരേണ്യ വിദ്യാഭ്യാസ പ്രണേതാക്കളുടെ ഈ ഗൂഢാലോചനയെ ശക്തിയായി എതിർത്തു പരാജയപ്പെടുത്തണം.

## ഉന്നത വിദ്യാഭ്യാസം

നമ്മുടെ സർവകലാശാലാ വിദ്യാഭ്യാസരംഗം രേഖയിൽ നിശിതമായി വിമർശിക്കപ്പെട്ടിട്ടുണ്ട്. ഗുണനിലവാരത്തിൽ വന്ന താഴ്ചയും വിദ്യാർത്ഥികളുടെ എണ്ണപ്പെരുപ്പവും അവ്യവസ്ഥാപിതമായവിപുലീകരണവും മററും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 1984 ൽ നമുക്ക് 140 യൂണിവേഴ്സിററികളും 5246 കോളേജുകളും ഉണ്ട്. ഈ യൂണിവേഴ്സിററികളിലും കോളേജുകളിലുമായി 38.6 ലക്ഷം വിദ്യാർത്ഥികൾ പഠിക്കുന്നു. രേഖ തയ്യാറാക്കിയവരുടെ അഭിപ്രായത്തിൽ വിദ്യാർത്ഥികളുടെ എണ്ണം ക്രമാതീതമാണ്. ആളും അർത്ഥവും അനാവശ്യമായി ദുരുപയോഗപ്പെടുത്തുന്നു. നമ്മുടെ രാജ്യത്താണെങ്കിൽ ബിരുദധാരികളുടെ തൊഴിലില്ലായ്മ രൂക്ഷമാണുതാനും. ഈ വിധത്തിൽപോകുന്ന വാദം ചെന്നെത്തുന്നത് പ്രശ്നങ്ങളുടെ പരിഹാരമാർഗമായി യൂണിവേഴ്സിററി വിദ്യാഭ്യാസം തെരഞ്ഞെടുക്കപ്പെട്ട ഏതാനുംപേർക്കിമാത്രമായി പരിമിതപ്പെടുന്നണമെന്ന നിഗമനത്തിലാണ്. കോളേജുകളുടെയും വിദ്യാർഥികളുടെയും ഇപ്പോഴത്തെ എണ്ണം വളരെ കൂടുതലാണോ?അല്ല എന്നുള്ളതാണ് സത്യം. കോളേജ് വിദ്യാഭ്യാസത്തിനുള്ള വയ: പരിധിയായ 17-23 ൽ പെട്ടവരിൽ 4.8 ശതമാനം പേർമാത്രമെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നുള്ളു. വികസിതരാഷ്ട്രങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതത്രകൂടുതലല്ല, കുറവാണ്. നിരക്ഷരത നിർമാർജനം ചെയ്യപ്പെട്ടിരുന്നെങ്കിൽ 70 കോടി

ജനങ്ങളുള്ള വിസ്തൃതമായ ഈ രാജ്യത്ത് ഇന്നുള്ളതിലും എത്രയോമടങ്ങ് കൂടുതൽ യൂണിവേഴ്സിററികളും കോളേജുകളും വേണ്ടിവരുമായിരുന്നു എന്ന് ഊഹിക്കാവുന്നതേയുള്ളൂ. ബിരുദധാരികളുടെ തൊഴിലില്ലായ്മ ഉൾപ്പെടെയുള്ള തൊഴിലില്ലായ്മ പ്രശ്നം വേണ്ടത്രതൊഴിലവസരം സൃഷ്ടിക്കപ്പെടാത്തതുകൊണ്ടാണ്; സാമ്പത്തിക ആസൂത്രണത്തെയും വികാസത്തെയും കുറിച്ചുള്ള വികലമായ കാഴ്ചപ്പാടും മുതലാളിത്ത പാത സ്വീകരിച്ചതും കൊണ്ടാണ്. വിദ്യാഭ്യാസത്തിന്റെ വിവിധഘട്ടങ്ങളിൽ വെച്ച് ഓരോ വിഭാഗത്തിലും വിദ്യാഭ്യാസയോഗ്യതയും അഭിരുചിയുമനുസരിച്ച് തൊഴിൽ നൽകാനുള്ള സംവിധാനം ഉണ്ടായിരുന്നെങ്കിൽ എല്ലാപേരും യൂണിവേഴ്സിററി വിദ്യാഭ്യാസത്തിനായി വന്നെത്തുകില്ലായിരുന്നു. അതോടൊപ്പം തൊഴിൽ ചെയ്യുന്നവർക്കായി തുടർവിദ്യാഭ്യാസത്തിനുള്ള ഏർപ്പാടുകളും ചെയ്യേണ്ടിയിരുന്നു. ഇതൊന്നുംചെയ്യാതെ ഉപരിവിദ്യാഭ്യാസരംഗത്ത് ക്രമാതീതമായ വർധനവും തള്ളിക്കയററവും ഉണ്ടാകുന്നതിൽ പരിതപിക്കുന്നതും അതിന്റെ പേരിൽ വിദ്യർത്ഥിപ്രവേശനം പരിമിതപ്പെടുത്തി പരിഹാരംകണ്ടെത്താൻ ശ്രമിക്കുന്നതും വരേണ്യപക്ഷപാതത്തിന്റെ ലക്ഷണമാണ്.

ഉന്നത വിദ്യാഭ്യാസരംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത രേഖയിൽ ഊന്നിപ്പറയുന്നുണ്ട്. ആർക്കും അഭിപ്രായവ്യത്യാസം ഉണ്ടാകാൻ ഇടയില്ലാത്ത ഒരു വസ്തുതയാണിത്. അതുചെയ്താൽ മതി. പക്ഷെ, ആ ലക്ഷ്യം നേടാൻ ഈ രംഗത്തും രണ്ടുതരം വിദ്യാഭ്യാസത്തിനുള്ള സംവിധാനം നിർദേശിക്കുന്നതിലാണ് അഭിപ്രായവ്യത്യാസം. യൂണിവേഴ്സിററികളും പുതിയ കോളേജുകളും ഇനി അനുവദിക്കരുതെന്നാണ് ഒരു നിർദേശം. അതായത് ഇനിയങ്ങോട്ട് ഈ തലത്തിലേക്ക് കൂടുതൽ വിദ്യാർഥികളെ കടത്തിവിടരുതെന്ന്. വിദ്യാർഥികളുടെ ഇടയിലുള്ള അസ്വാസ്ഥ്യവും ജനാധിപത്യ അവകാശങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭങ്ങളും വർധിച്ചുവരുന്നത് അപകടകരമാണെന്ന് നമ്മുടെ ഭരണാധികാരികൾക്കറിയാം. അതിന്റെ യഥാർഥ കാരണങ്ങൾ കണ്ടുപിടിച്ച് പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നതിനുപകരം ഭൂരിപക്ഷത്തിനും ഉപരിവിദ്യാഭ്യാസസൗകര്യങ്ങൾ നിഷേധിക്കാനാണ് നീക്കം. സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി യൂണിവേഴ്സിററികളിലും കോളേജുകളിലും വളർന്നുവന്ന ദേശീയവികാരം സംഘടിത പ്രക്ഷോഭങ്ങളിലേക്ക് നീങ്ങുന്നതായികണ്ടപ്പോൾ അതുതടയാൻ 1902ൽ കഴ്സൺ പ്രഭു നിയോഗിച്ച സർ വാൾട്ടർ റാലി കമീഷൻ ചില ശുപാർശകൾ നൽകി. അതിൽ മുഖ്യമായ ശുപാർശ ഗുണനിലവാരം ഉയർത്തുന്നതിന്റെ മറവിൽ ഉപരിവിദ്യാഭ്യാസം ചുരുങ്ങിയ ശതമാനത്തിനായി പരിമിതപ്പെടുത്തണമെന്നായിരുന്നു. റാലികമ്മിഷന്റെ അതേ അപഗ്രഥനവും മാർഗവുമാണ് പുതിയ വിദ്യാഭ്യാസ രേഖകളുടെ വക്താക്കളും സ്വീകരിച്ചിരിക്കുന്നത്. കുററം പറയരുതല്ലോ, യൂണിവേഴ്സിററികളിലും കോളേജുകളിലും ഏതാണ്ട് അതേ സാഹചര്യങ്ങൾ വളർന്നു വരുന്നുണ്ട്.

നിലവിലുള്ള യൂണിവേഴ്സിററികളിലും കോളേജുകളിലുമായി ഉപരിവിദ്യാഭ്യാസരംഗത്തെ ഔപചാരിക വിദ്യാഭ്യാസം തെരഞ്ഞെടുക്കപ്പെട്ടവർക്കായി പരിമിതപ്പെടുത്തുന്നതോടൊപ്പം സ്കൂൾതലത്തിലുള്ള മോഡൽ സ്കൂളുകൾപോലെ യൂണിവേഴ്സിററിതലത്തിൽ ''അത്യുത്തമകേന്ദ്ര''ങ്ങളായ ഓട്ടോണമസ് കോളേജുകളും സ്ഥാപിക്കണമെന്നും നിർദേശിക്കുന്നു. മററുള്ള സാധാരണക്കാർക്കായി രേഖ നിർദേശിക്കുന്നത് ''ഓപ്പൺ യൂണിവേഴ്സിററി'' യിലൂടെയുള്ള അനൗപചാരിക ഉന്നതവിദ്യാഭ്യാസമാണ്. ''സാമ്പത്തിക കാരണങ്ങളാലോ മററ് കാരണങ്ങളാലോ ഔപചാരികമായ ഉന്നത വിദ്യാഭ്യാസം ലഭിക്കാത്തവർക്ക് ഇതു വലിയ പ്രയോജനംചെയ്യും'', എന്ന ഔദാര്യവും രേഖയിൽ പ്രകടിപ്പിച്ചിട്ടുണ്ട്. ചുരുക്കിപറഞ്ഞാൽ ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നത് ഏതാനും പേരുടെ ഗുണത്തിനായിരിക്കും. ബഹുഭൂരിപക്ഷത്തിന്റെ കാര്യത്തിൽ ഓപ്പൺ യൂണിവേഴ്സിററികൾ ഉള്ളതുകൊണ്ട് പ്രത്യേകിച്ച് ഉൽക്കണ്ഠപ്പെടേണ്ടതുമില്ല. ഇതിൽ കൂടുതൽ നഗ്നമായി വരേണ്യ വിദ്യാഭ്യാസത്തിനായി വാദിക്കേണ്ടതുണ്ടോ?

## ജോലിയും ബിരുദവും

യൂണിവേഴ്സിററിബിരുദവും ജോലിയും തമ്മിലുള്ള ബന്ധം വേർപെടുത്തി ഭാവി യിൽ പ്രത്യേക മൽസരപരീക്ഷയിലൂടെ ഉദ്യോഗനിയമനം നടത്താമെന്നതാണ് രേഖയിലെ മറെറാരു നിർദ്ദേശം. ഇതു നടപ്പാക്കിയാൽ യൂണിവേഴ്സിററി വിദ്യാഭ്യാസത്തിനുള്ള സമ്മർദ്ദം കുറക്കാം. തൊഴിലില്ലാത്ത ബിരുദധാരികൾ വർദ്ധിച്ചുവരുന്നത് തടയുകയും ചെയ്യാം. കേൾക്കുമ്പോൾ ഇത് ഒരു നല്ല നിർദ്ദേശമായി തോന്നാം. എന്നാൽ, ഇതിൽ പല അപകടങ്ങളും പതിയിരിപ്പുണ്ട്. ഇന്ത്യാഗവൺമെണ്ടിൻെറ ക്ലാസ് ഒന്ന്, രണ്ട് തസ്തികക ളിലേക്കു മാത്രമെ യൂണിവേഴ്സിററി ബിരുദം യോഗ്യതയായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളു. ക്ലാസ് മൂന്നും നാലും തസ്തികകളിലേക്ക് യഥാക്രമം പത്താംക്ലാസും എട്ടാം ക്ലാസും ജയി ച്ചാൽമതി. പക്ഷെ, മൂന്നും നാലും ക്ലാസുകളിലുമുള്ള ഉദ്യോഗങ്ങൾക്കും ബിരുദധാരികൾ അപേക്ഷിക്കുന്ന സ്ഥിതിവിശേഷം ഇവിടെ നിലവിലുണ്ട്. അതിൻെറ കാരണം, അഭ്യസ്ത വിദ്യർ അർഹിക്കുന്ന തൊഴിലുകൾ നൽകാൻ നമ്മുടെ സാമ്പത്തിക സംവിധാനത്തിന് കഴി യാതെ വരുന്നതുകൊണ്ടാണ്. ബിരുദത്തിൻേറതല്ല, സാമ്പത്തികഘടനയുടേതാണ് തകരാറ്, ഉദ്യോഗനിയമനത്തിന് പ്രത്യേക പരീക്ഷ നടത്തുകയും ആ പരീക്ഷകളിൽ ഗവർമെണ്ട് വിഭാ വന ചെയ്യുന്ന ''ഉൽകൃഷ്ട വിദ്യാഭ്യാസ കേന്ദ്രങ്ങ''ളിൽ നിന്നുവരുന്നവരും സാധാരണ വിദ്യാ ലയങ്ങളിൽ കൂടി കടന്നുവരുന്നവരുമായി മൽസരിക്കുകയും ചെയ്താൽ വിദ്യാഭ്യാസരംഗ ത്തെ രണ്ടാം തരം പൗരൻമാരായി അവഗണിക്കപ്പെടാൻ പോകുന്നവർ ഉദ്യോഗനിയമനത്തിലും പുറം തള്ളപ്പെടുകയായിരിക്കും ഫലം. നിലവിലുള്ള പരീക്ഷാ സമ്പ്രദായത്തിൽ പല പാക പ്പിഴകളുമുണ്ട്. എങ്കിലും ഇന്നത്തെ വ്യവസ്ഥിതിയിൽ വലിയൊരു പരിധിവരെ ബിരുദം അർഹതയുടെ തെളിവാണ്. അതുകൂടി വേണ്ടെന്നു വെച്ചാൽ സാധാരണക്കാർക്ക് ജോലിക്ക് അപേക്ഷിക്കാനുള്ള അർഹതകൂടി നിഷേധിക്കപ്പെടുകയായിരിക്കും. ചുരുക്കത്തിൽ ഈ പരി ഷ്ക്കാരം മൂലം അഭ്യസ്ത വിദ്യരായ സാധാരണക്കാർക്ക് ഉപരിവിദ്യാഭ്യാസവുമില്ല, ജോലി യുമില്ല എന്ന സ്ഥിതി ആയിരിക്കും സംജാതമാവുക.

## യൂണിവേഴ്സിററി ഭരണം

യൂണിവേഴ്സിററികളുടെ ജനാധിപത്യ സ്വഭാവം എടുത്തുകളഞ്ഞ് സെനററ്, സിൻഡി ക്കേററ് തുടങ്ങിയ ഭരണസമിതികളിൽ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്ക് പകരം ചാൻസലറു (ഗവർണർ) ടെ നോമിനികളെ കൊണ്ടുനിറച്ച് യൂണിവേഴ്സിററികളുടെ ഭരണം ''സംശുദ്ധ'' മാക്കാമെന്നതാണ് ഇക്കാര്യത്തിൽ രേഖമുന്നോട്ടുവെക്കുന്ന പ്രധാന നിർദ്ദേശം. തെരഞ്ഞെടുപ്പ് എപ്പോഴും രാഷ്ട്രീയ സംഘർഷങ്ങൾ കൊണ്ട് മലീമസപ്പെടുമെന്നും അതു കൊണ്ട് അതൊഴിവാക്കിയാൽ യൂണിവേഴ്സിററി ഭരണം മെച്ചപ്പെടുമെന്നുമാണ് വാദം. നാമനിർദ്ദേശം കൂടുതൽ മലീമസമായ 'പിൻവാതിൽ രാഷ്ട്രീയ' മാണെന്ന് നമുക്കെല്ലാം അറിവുള്ളതാണ്. ഗാന്ധിജി യൂണിവേഴ്സിററിയിൽ ചാൻസലർ നടത്തിയ നോമിനേ ഷൻെറ അപകടങ്ങൾ നേരിട്ടനുഭവിച്ചുകൊണ്ടിരിക്കുന്ന കേരളിയരോട് ഇക്കാര്യം കൂടുതൽ വിശദീകരിക്കേണ്ടതില്ല. അതുപോലെ ഇന്ത്യയിലെ പല യൂണിവേഴ്സിററികളിലും ഭരണ സമിതികളിലേക്കു നടന്ന നോമിനേഷനുകളുടെ മാനദണ്ഡങ്ങൾ എന്തായിരുന്നുവെന്ന് പത്രങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. രാഷ്ട്രീയ കോളിളക്കം തന്നെ സൃഷ്ടിച്ചുകൊണ്ടി രിക്കുന്ന ബോംബെ യൂണിവേഴ്സിററിയിലെ മാർക്ക് തട്ടിപ്പു കേസിൽ (മുഖ്യമന്ത്രിയുടെ മകളുടെ എം. ഡി പരീക്ഷ സംബന്ധിച്ച്) അവിടുത്തെ ചാൻസലർ ഇപ്പോൾ പ്രതിക്കൂ ട്ടിലാണെന്നാണ് പത്ര വാർത്ത. നമ്മുടെ പല സംസ്ഥാനങ്ങളിലും കേന്ദ്രസർക്കാരിൻെറ ഏജൻറുമാരായി ജനാധിപത്യത്തെ അട്ടിമറിക്കുന്നതിന് മുൻകൈയെടുത്ത് കുപ്രസിദ്ധി നേടിയ ഗവർണർമാർ നിരവധിയില്ലേ? ഇവരെ ചാൻസലർമാരുടെ വേഷമിടീച്ച് യൂണി വേഴ്സിററി ഭരണത്തിൻെറ നിർണായക ശക്തിയാക്കിമാററിയാൽ എല്ലാം ഭദ്രമാകും എന്ന ഉപദേശം യുക്തിക്ക് നിരക്കുന്നതല്ല.

വിദ്യാർത്ഥികൾ, അധ്യാപകർ, ഇതരജീവനക്കാർ, പൊതുജനങ്ങൾ എന്നിവർക്ക് യൂണിവേഴ്സിററി ഭരണത്തിലുള്ള പങ്കാളിത്തം അവസാനിപ്പിച്ച് വൈസ് ചാൻസിലർമാരെ സർവ്വശക്തൻമാരാക്കി യൂണിവേഴ്സിററികളിലെ കുഴപ്പങ്ങളെല്ലാം പരിഹരിക്കണമെന്ന അഭിപ്രായവും ഉന്നയിച്ചുട്ടുണ്ട്. അടുത്തകാലത്തായി ഇന്ത്യൻ യൂണിവേഴ്സിററികളിൽ വൈസ് ചാൻസലർമാരായി ഐ. എ. എസ് ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്ന പ്രവണത ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. അക്കാദമീയമായ ഒരു സ്ഥാനം എന്ന നിലവിട്ട് ഭരണപരംമാത്രമായ ഉദ്യോഗമായിട്ടാണ് വൈസ് ചാൻസലർ പദത്തെ നമ്മുടെ ഭരണകർത്താക്കൾ കാണുന്നു. വൈസ് ചാൻസലർ പദത്തെകുറിച്ചുള്ള സങ്കൽപ്പം തന്നെ മാറിയിരിക്കുന്നു. ഇന്ത്യൻ ജനാധിപത്യനേതൃത്വത്തിന് വിശ്വാസം ബ്യൂറോക്രസിയെയാണെന്ന് വന്നിരിക്കുന്നു. ഇതു വളരെ അപകടം പിടിച്ച ചിന്താഗതിയാണ്. യൂണിവേഴ്സിററികളിലും കോളേജുകളിലും രാഷ്ട്രീയത്തിന്റെ അതിപ്രസരമുണ്ടെന്ന് രേഖ ആരോപിക്കുന്നു. അതുകൊണ്ട് അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും അതിൽനിന്ന് വിമുക്തരാക്കാനുള്ള 'അരാഷ്ട്രീയവൽക്കരണപരിപാടി' നടപ്പാക്കണമെന്ന് പ്രതിവിധി ഇതിന്റെ മറവിൽ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ജീവനക്കാരുടെയും ജനാധിപത്യ അവകാശങ്ങൾ കവർന്നെടുക്കുമെന്ന് വ്യക്തമാണ്. വിദ്യാഭ്യാസരേഖയുടെ ചുവടുപിടിച്ച് യു ജി സി ചില പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നതായി ചെയർമാൻ മാധുരിഷാ വെളിപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥിയൂണിയൻ സമ്പ്രദായം തന്നെ അവസാനിപ്പിക്കുക തുടങ്ങിയ ജനാധിപത്യ വിരുദ്ധ പദ്ധതികളാണ് അവയെല്ലാം. സർവകലാശാലാ വളപ്പുകളിൽ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും പ്രവർത്തനങ്ങൾ നിരീക്ഷിച്ച് അവരുടെ സംഘടിതശക്തി വളരാതിരിക്കാൻ പോലീസ് സേനയെ നിയോഗിക്കാനും വരെ യു ജി സി ആലോചിക്കുകയാണ്.

വിദ്യാഭ്യാസത്തിന്റെ വരേണ്യാടിത്തറ കൂടുതൽ വിപുലമാക്കാനും ഉറപ്പിക്കാനും വിദ്യാഭ്യാസരംഗത്ത് ഇന്നു നിലനിൽക്കുന്ന പരിമിതമായ ജനാധിപത്യ സംവിധാനങ്ങൾ തകർക്കാനും വഴിവെക്കുന്ന ഒന്നാണ് ഇന്ത്യാഗവർമ്മെൻറിന്റെ രേഖ. മൊത്തത്തിൽ ഇന്ത്യയിലെ അക്കാദമിക്ക് സമൂഹം നേരിടാൻ പോകുന്ന ശക്തമായ വെല്ലുവിളികളുടെ രൂപരേഖ .വിദ്യാഭ്യാസത്തിന്റെ വെല്ലുവിളികൾ' എന്നതിനു പകരം വിദ്യാഭ്യാസത്തോടും ജനാധിപത്യത്തോടും ബഹുജനങ്ങളോടുമുള്ള വെല്ലുവിളികൾ എന്നപേരായിരിക്കും രേഖക്ക് കൂടുതൽ അനുയോജ്യം.

## വളരുന്ന ഐക്യം


സഹോദര സംഘടനകളുമായി നല്ല ബന്ധം പുലർത്തുന്നതിൽ എ. കെ. പി. സി. ററി. എ എക്കാലവും വിശ്വസിച്ചു പോന്നിട്ടുണ്ട്. തിരുവനന്തപുരം കൺവൻഷന്റെ വമ്പിച്ച വിജയത്തിൽ സഹോദരസംഘടനകൾ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. സ്വാഗതസംഘരൂപീകരണം മുതൽ കൺവൻഷൻ പരിപാടികൾ സമാപിക്കുന്നതുവരെ സഹോദരസംഘനാപ്രവർത്തകർ നല്കിയ കലവറയില്ലാത്ത സഹായസഹകരണങ്ങൾ അവിസ്മരണീയവും ആവേശകരവുമായ ഒരനുഭവമായി മാറിയിരിക്കുന്നു. കൺവൻഷന്റെ ഭാഗമായി നടന്ന വിവിധ സമ്മേളനങ്ങളിലും പ്രകടനത്തിലും പങ്കെടുക്കാൻ എത്തിച്ചേർന്ന ആയിരക്കണക്കിന് അദ്ധ്യാപക സുഹൃത്തുകൾക്കു വേണ്ടിയിരുന്ന ഭക്ഷണം തയ്യാറാക്കി വിതരണം ചെയ്യുന്നതിൽ സഹോദരസംഘടനാ പ്രവർത്തകർ പ്രകടിപ്പിച്ച ആത്മാർത്ഥതയും സേവനമനോഭാവവും അനുകരണീയമായിരുന്നു. മുനിസിപ്പൽ കോർപ്പറേഷൻ എംപ്ളോയീസ് അസോസിയേഷൻ, യൂണിവേഴ്സിററി എംപ്ളോയീസ് യൂണിയൻ, എൻ. ജി. ഒ. യൂണിയൻ· എ.കെ.ജി. സി. ററി, എസ്.എഫ്.ഐ എൽ. ഐ. സി- എംപ്ളോയീസ് യൂണിയൻ കെ. ജി. ററി. എ. സെക്രട്ടറിയേററ് എംപ്ലോയീസ്അസോസിയേഷൻ·സി. ഐ. ററി. യു, ബെഫി, കെ. എം. എസ്. ആർ. എ. ജോയിൻറ് കൗൺസിൽ, കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവൺമെൻറ് എംപ്ലോയീസ്, ഇലക്ട്രിസിററി ബോർഡ് എംപ്ലോയീസ് അസോസിയേഷൻ കെ.എസ്. ആർ. ററി.ഇ.എ കെ. പി. ടി. യു. തുടങ്ങി ഇരുപതോളം സംഘടനകളിലെപ്രവർത്തകർതലസ്ഥാന നഗരിയിലെ രാജവീഥിയുടെ ഇരുപുറവും അണിനിരന്ന് ഐക്യദാർഢ്യത്തിന്റെ കാഹളം മുഴക്കി പ്രകടനത്തിൽ പങ്കെടുത്തവർക്ക് ആവേശം പകർന്നു.

**KERALA PRIVATE COLLEGE TEACHER**

Monthly Journal of the All Kerala Private College Teachers' Association

No. 63 R. No. M. 30625/81 Registered KL TV/(N)/35

## ക്ഷേമനിധി വിതരണം



സർവ്വീസിലിരിക്കെ അന്തരിച്ച മൂന്ന് അധ്യാപകരുടെ കുടുംബങ്ങൾക്ക് A K P C T ക്ഷേമനിധിയിൽ നിന്നും പതിനായിരം രൂപാ വീതമുള്ള ധനസഹായം പ്രൊഫ. ആർ ആർ സി കൺവൻഷനിൽവച്ച് നൽകുന്നു.

Printed and Published by V. Narayanankutty at CHEMPAKA Printers, Trivandrum-4 Phone :82127

Chief Editor: V. N. MURALI